കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# നീലേശ്വരം നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട്
## 2017-2018

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

E-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി-4/173/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
കാസറഗോഡ് – 671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 0499- 4256690.

തീയതി.08.03.2019.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയ, കാസറഗോഡ്.

ചെയർമാൻ (സെക്രട്ടറി മുഖാന്തിരം)

നീലേശ്വരം നഗരസഭ.

സർ,

വിഷയം : നീലേശ്വരം നഗരസഭ - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

***************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലേശ്വരം നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1) ചട്ടം 20, 23, 1997ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) , (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് : 1) ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഇ.മെയിൽ)

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ് തിരുവനന്തപുരം ( ഉപരിപത്രം സഹിതം)

3) റീജിയണൽ ജോയന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് , കോഴിക്കോട് (ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി-4/173/2019, തിയ്യതി:08.03.2019.

## കാസറഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതിവിഹിതം, മെയിന്റനൻസ് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതിവിഹിതം, മറ്റ് ഏജൻസികളിൽ നിന്നും, വകുപ്പുകളിൽ നിന്നുമുള്ള ധനസഹായം, എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. നഗരസഭ 01-08-2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് 01-04-2017 മുതൽ 31.03.2018 വരെ നടത്തിയ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രാജാരാമ .സി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 13.02.2019 മുതൽ 26.02.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | ശ്രീ.വിനോദ് കുമാർ.സി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.തോമസ്.കെ. | അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ |
| | ശ്രീ.സുനിൽ കുമാർ. എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജനാർദ്ദനൻ.സി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സുധീഷ്.എൻ.കെ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | പ്രൊഫ.കെ.പി.ജയരാജൻ | 01.04.2018 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | അഭിലാഷ്.കെ | 01.04.2017 മുതൽ 11.01.2018 വരെ |
| | വിൻസെൻറ്,കെ.എ (സൂപ്രണ്ട്, സെക്രട്ടറിയുടെ അധിക ചുമതല) | 12.01.2018 മുതൽ 31.03.2018 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ജിജോമോൻ,വി.സി | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | മെഡിക്കൽ ഓഫീസർ, ആയുർ വേദം | ഡോ.പൂർണ്ണിമ,എം.പി | 01.04.2017മുതൽ 30.06.2017 വരെ |
| | | ഡോ.പ്രിയ | 01.07.2017 മുതൽ 31.03.2018 വരെ |
| 3 | സൂപ്രണ്ട് ഗവ.ഹോമിയോ ആശുപത്രി, നീലേശ്വരം | ഡോ.രതീഷ്,പി | 01.04.2017മുതൽ 09.07.2017 വരെ |
| | | ഡോ.അബ്ദുൾസലാം | 10.07.2017മുതൽ 17.10.2017 വരെ |

| | | | |
|---|---|---|---|
| | | | |
| | | ഡോ.രതീഷ്,പി | 18.10.2017മുതൽ 07.11.2017 വരെ |
| | | ഡോ.രമേശൻ,ടി.പി | 08.11.2017മുതൽ 31.03.2018 വരെ |
| 4 | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | ഡോ.ജമാൽ അഹമ്മദ്,എ | 01.04.2018 മുതൽ 31.03.2018 വരെ |
| 5 | കൃഷി ഓഫീസർ | രേഷ്മ,കെ.പി | 01.04.2017 മുതൽ 31.03.2018 വരെ |
| 6 | സീനിയർ വെറ്റിനറി സർജൻ, നീലേശ്വരം മൃഗാശുപത്രി | ഡോ.പ്രദീപ് കുമാർ,വി.വി | 01.04.2017 മുതൽ 31.03.2018 വരെ |
| 7 | മെമ്പർ സെക്രട്ടറി, ദാരിദ്ര്യലഘൂകരണ വിഭാഗം നീലേശ്വരം നഗരസഭ | പ്രമോദ്,കെ | 01.04.2017മുതൽ 31.03.2018 വരെ |
| 8 | ഹെൽത്ത് ഇൻസ്പെക്ടർ, നീലേശ്വരം നഗരസഭ | അബ്ദുൾ കരീം,കെ.യു | 01.04.2017മുതൽ 31.03.2018 വരെ |
| 9 | ഹെഡ്മിസ്ട്രസ്, സി.എച്ച്.എം,കെ.എസ് ജി വി എച്ച് എസ്, കോട്ടപ്പുറം | ദിനപ്രഭ,കെ.പി | 01.04.2017മുതൽ 31.03.2018 വരെ |
| 10 | ഐ.സി.ഡി.എസ് സൂപ്പർ വൈസർ. | അനശ്രീ,കെ.പി | 01.04.2017മുതൽ 08.09.2017 വരെ |
| | | ഇന്ദു,എസ് | 09.09.2017മുതൽ 31.03.2018 വരെ |
| 11 | മുനിസിപ്പൽ എഞ്ചിനീയർ | ഉമേഷ് നാരായണൻ | 01.04.2017മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| 12 | ബ്ലോക്ക് എസ്.സി.ഡി.ഒ | സതീഷ് കുമാർ,എം | 01.04.2017മുതൽ 31.05.2017 വരെ |
| | | ബിന്ദു,വി | 01.06.2017മുതൽ 20.07.2017 വരെ |
| | | ജാനകി കാവാളൻ | 21.07.2017മുതൽ 30.12.2017 വരെ |
| | | ബഷീർ,പി.സി | 31.12.2017മുതൽ 05.02.2018 വരെ |
| | | അസൈനാർ,കെ | 06.02.2018 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1-പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |

| | | |
|---|---|---|
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം -2-വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | വാർഷിക ധനകാര്യ പത്രിക പരിശോധന-അധിക നിരീക്ഷണങ്ങൾ | 2-1 |
| 14 | റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ്. | 2-2 |
| 15 | നഗരസഭയിലേക്കാവശ്യമായ രസീത് പുസ്തകങ്ങൾ സ്വകാര്യ പ്രസ്സിൽ അച്ചടിച്ചത് സംബന്ധിച്ച് | 2-3 |
| 16 | അനധികൃത കെട്ടിടനിർമ്മാണം-രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത | 2-4 |
| 17 | ഇ-ടെണ്ടർ- ബിഡ് സമർപ്പണ ഫീസ് നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല | 2-5 |
| 18 | തൊഴിൽ നികുതി പരിശോധന – നികുതി ഈടാക്കിയതിലെ അപാകതകൾ | 2-6 |
| 19 | തൊഴിൽ നികുതി പരിശോധന –പൊതു അപാകതകൾ | 2-7 |
| 20 | വാടക കെട്ടിട പരിശോധന – അപാകതകൾ | 2-8 |
| 21 | ചട്ടവിരുദ്ധമായി കെട്ടിട നമ്പർ അനുവദിക്കുന്നതിലൂടെ വസ്തു നികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നു. | 2-9 |
| 22 | വസ്തു നികുതി വരവ് പരിശോധന - അപാകതകൾ | 2-10 |
| | ഭാഗം -3-ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 23 | മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളചെലവും പെൻഷൻ അംശദാനവും സംസ്ഥാന ഫണ്ടിലേക്ക് അടയ്ക്കുന്നില്ല. | 3-1 |
| 24 | സർവ്വീസ് ടാക്സ് -ഫൈൻ ഒടുക്കിയത് നഗരസഭയ്ക്ക് അധികച്ചെലവ് ₹1,40,000/- | 3-2 |

| | | |
|---|---|---|
| | | |
| 25 | ജീവനക്കാർക്കും ജനപ്രതിനിധികൾക്കും കിലയിൽ പരിശീലനം-മുൻകൂർ നല്കിയ തുക ₹50,000/- നാളിതുവരെ ക്രമീകരിച്ചിട്ടില്ല. | 3-3 |
| 26 | തെരുവ് വിളക്ക് പരിപാലനം | 3-4 |
| 27 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-കരാറുകാരന് എസ്റ്റിമാറ്റ് പ്രകാരമുള്ള തുക അനുവദിക്കേണ്ടതിനുപകരം കൂടിയ നിരക്കിൽ തുക നൽകി-അധികം നൽകിയ തുക നിരാകരിക്കുന്നു | 3-5 |
| 28 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 3-6 |
| 29 | ചെലവ് വൗച്ചറുകളോടൊപ്പം തുക കൈപ്പറ്റ് രേഖകൾ സൂക്ഷിക്കുന്നില്ല -ചെലവ് രേഖകൾ അപൂർണ്ണം | 3-7 |
| 30 | വാഹന റിപ്പയർ -എഞ്ചിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല. | 3-8 |
| 31 | നഗരസഭാ വാഹനങ്ങളുടെ ഇൻഷ്വറൻസ് | 3-9 |
| 32 | കുടിവെള്ള വിതരണം ആദായ നികുതി ഈടാക്കിയിട്ടില്ല. | 3-10 |
| 33 | പൗരാവകാശ രേഖ അച്ചടിച്ചത് -വിതരണം പൂർത്തീകരിച്ചിട്ടില്ല. | 3-11 |
| 34 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-12 |
| 35 | ആസ്തിരജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിയ്ക്കുന്നില്ല. | 3-13 |
| 36 | ചെയർമാന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. | 3-14 |
| 37 | വളർത്തു നായ്ക്കൾക്ക് ലൈസൻസ് നല്കുന്നത് സംബന്ധിച്ച് | 3-15 |
| 38 | ഗ്രീൻപ്രൊട്ടക്കോൾ നടപ്പാക്കുന്നതിനായ് സി.ഡി.എസ് ചെയർപേഴ്സന് വാങ്ങിനൽകിയ പാത്രങ്ങളുടെ വിനിയോഗം, പരിപാലനം തുടങ്ങിയവ സമ്പന്ധിച്ച് കരാർ ഉടംബടി വച്ചിട്ടില്ല | 3-16 |

| | | |
|---|---|---|
| 39 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- മസ്റ്റർ റോളിൽ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തണം | 3-17 |
| 40 | ആയുഷ് പ്രാഥമിക ആരോഗ്യ കേന്ദ്രം- ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-18 |
| 41 | ICDS സൂപ്പർവൈസർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ പരിശോധന –അപാകതകൾ | 3-19 |
| 42 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക കുറച്ചു നൽകി | 3-20 |
| 43 | ബഡ്സ് സ്കൂൾ ആവശ്യത്തിനായി ലഭിച്ച വാഹനങ്ങളിലൊന്ന് ഉപയോഗിക്കുന്നില്ല. | 3-21 |
| 44 | താലൂക്ക് ഹോസ്പിറ്റലിന് മരുന്ന് ലഭ്യമാക്കൽ – മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല- | 3-22 |
| 45 | പി.എം.എ.വൈ. ഭവന പദ്ധതി | 3-23 |
| 46 | എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതും മറ്റ് അപാകതകളും | 3-24 |
| 47 | വഴിയോരക്കച്ചവട നിയമം നടപ്പാക്കുന്നതിൽ കാലതാമസം. (ഫയൽ നം. C-1- 2986/2017) | 3-25 |
| 48 | നഗരസഭ പെൻഷൻഫണ്ട്- അവലോകനം | 3-26 |
| 49 | മാലിന്യ സംസ്കരണം - അവലോകനം | 3-27 |
| | ഭാഗം -4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനം | |
| 50 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 51 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 52 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 53 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 54 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 55 | ഓഡിറ്റ് റിക്കവറി | 4-6 |
| 56 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 57 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 58 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 59 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2017-18 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | നം.1/1 29-03-2017 | നം.1/1 27-03-2018 |
| മുന്നിരിപ്പ് | 4,93,17,674 | 7,21,02,964.30 |
| വരവ് | 40,30,00,000 | 23,19,76,310 |
| ആകെ | 45,23,17,674 | 30,40,79,274.30 |
| ചെലവ് | 43,65,55,500 | 26,32,95,536 |
| നീക്കിയിരിപ്പ് | 1,57,62,174 | 4,07,83,738.30 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 29.07.2018 | ഇല്ല | ഇല്ല. |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.08.2018 മുതൽ 30.08.2018 വരെ | കെ.എസ്.എ-കെ.എസ്.ഡി.3/973/2018. തി. 03-09-2018. (ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1.ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.) |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1).2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2017-18 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

2).ഷെഡ്യൂൾ B-9 -ൽ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.

3).ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് റിസീവ്ഡ് തുക 18,30,744.50/- രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

4).ബാലൻസ് ഷീറ്റ് B- 11ഷെഡ്യൂൾ പ്രകാരം ഫിക്സഡ് അസ്സറ്റ് തുക 13,92,37,212/- (Accumulated Depreciation-(58,96,431) ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5).ബാലൻസ് ഷീറ്റ് B- 11ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക 1,54,31,270/- ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6).ബാലൻസ് ഷീറ്റ് B- 12 ഷെഡ്യൂൾ പ്രകാരം ഇൻവെസ്റ്റ്മെന്റ് തുക 50,25,000/-രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7).ബാലൻസ് ഷീറ്റ് B- 14 ഷെഡ്യൂൾ പ്രകാരം സ്റ്റോക്ക് -ഇൻ-ഹാന്റ് തുക 35,980/-രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

8).വാർഷിക ധനകാര്യ പത്രികയിലെ ഇൻകം& എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരമുള്ള വസ്തു നികുതി തുകയുടെ ഡിമാന്റ്, കളക്ഷൻ തുകകളുടെ കൃത്യത പരിശോധിക്കാൻ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

9).വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം തൊഴിൽ നികുതി- തൊഴിൽ നികുതി ട്രെഡേഴ്സ് ഡിമാന്റ് 11,91,460/-, കളക്ഷൻ 10,94,395/-, തൊഴിൽ നികുതി -ജീവനക്കാർ ഡിമാന്റ് 26,02,049, കളക്ഷൻ 25,34,299 ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ പൂർത്തീകരിച്ച് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

10).വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം ഡി&ഒ ലൈസൻസ് ഡിമാന്റ് , കളക്ഷൻ തുകകളുടെ കൃത്യത പരിശോധിക്കാൻ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

11).വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം പരസ്യനികുതി ഡിമാന്റ് 1,00,200/-, കളക്ഷൻ 1,00,200/- പരസ്യനികുതിയുടെ ഡിമാന്റ്, കളക്ഷൻ തുകകളുടെ കൃത്യത പരിശോധിക്കാൻ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

12).വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം ടെണ്ടർ ഫോറം വില്പന ഇനത്തിലെ വരവ് വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| ടെണ്ടർ ഫോറം വില്പന | 1,60,346 | 1,60,346 |

ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

13).വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം സ്റ്റേഡിയം റെന്റ്,ഫെറി റെന്റ്, ലീസ് ഓഫ് ലാന്റ്, Civic Amenities എന്നീ ഇനങ്ങളിലെ വരവ് വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| സ്റ്റേഡിയം റെന്റ് | 4,150 | 4,150 |
| ഫെറി റെന്റ് | 5,000 | 5,000 |

| | | |
|---|---|---|
| ലീസ് ഓഫ് ലാന്റ് | 7,500 | 7,500 |
| Civic Amenities | 15,36,948 | 14,87,224 |

ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ പൂർത്തീകരിച്ച് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

14).വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-40(b) ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പിൽ ചില അക്കൗണ്ടുകളുടെ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുകയും ബാങ്ക് പാസ്സ് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല/ റീക്കൺസിലേഷൻ നടത്തിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

a)ഇ.എം.എസ് നീലേശ്വർ കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നം.404012പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 1,51,720/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 1,06,889/- രൂപയാണ്. 44,831/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. റീക്കൺസിലേഷൻ നടത്തിയിട്ടില്ല.

b)നീലേശ്വർ കോ-ഓപ്പറേറ്റീവ് ബാങ്ക് MNOLHS പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 1,586/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 1,650/- രൂപയാണ്. 64 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. റീക്കൺസിലേഷൻ നടത്തിയിട്ടില്ല.

c)കേരള ഗ്രാമീൺ ബാങ്ക് AUEGS പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 53,98,470/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 57,46,192/- രൂപയാണ്. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ബാലൻസ് 80,76,090/- റീക്കൺസിലേഷൻ നടത്തിയത് പെരുത്തപ്പെടുന്നില്ല.

d)എസ്.ബി.ടി.ഓൺ ഫണ്ട് അക്കൗണ്ട് നം.450210100 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 87,88,083/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 86,13,993/- രൂപയാണ്. വ്യത്യാസം 1,74,090/- രൂപയുടെ റീക്കൺസിലേഷൻ നടത്തിയിട്ടുണ്ട്. പക്ഷെ ഈ തുകയുടെ ചെക്ക് നൽകിയത് 01-03-2014, 05-06-2014, 19-07-2014, 16-08-2016, 16-08-2016, 16-08-2016, 17-12-2016, 06-02-2017, 06-02-20117, 25-07-2017, 26-08-2017, 13-05-2016, 17-12-2016, 28-04-2017, 15-09-2017, 28-03-2017 എന്നീ തിയ്യതികളിലാണ്.

(ചെക്ക്നം.366835/01-03-2014, ചെക്ക്നം.401867/05-06-2014, ചെക്ക്നം.401903/ 19-07-2014, ചെക്ക്നം. 759100/16-08-2016, ചെക്ക്നം.759152/16-08-2016, ചെക്ക്നം.759159/16-08-2016, ചെക്ക്നം.790707/17-12-2016, ചെക്ക്നം.793754/06-02-2017,ചെക്ക്നം.793755/06-02-2017, ചെക്ക്നം.187049/25-07-2017, ചെക്ക്നം.0866591/26-08-2017, ചെക്ക്നം.958537/13-05-2016, ചെക്ക്നം.793707/17-12-2016, ചെക്ക്നം.277636/28-04-2017, ചെക്ക്നം.6622242/15-09-2017, 4933338/28-03-2017) ഇവ കാലാവധി കഴിഞ്ഞ ചെക്കുകളാണ്. വർഷങ്ങളായി കാലാവധി കഴിഞ്ഞ ചെക്ക്

ക്യാൻസൽ ചെയ്ത് വരവ് വെക്കാതെ ചെലവിൽ തന്നെ കാണിക്കുന്നതിന് വിശദീകരണം നൽകിയിട്ടില്ല.

e)ടി.എസ്.ബി. ഓൺ ഫണ്ട് അക്കൗണ്ട് നം.450250101 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 31,61,303/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 35,60,571/- രൂപയാണ്. വ്യത്യാസം 3,99,268/- രൂപയുടെ റീക്കൺസിലേഷൻ നടത്തിയിട്ടുണ്ട്. പക്ഷെ ഈ തുകയുടെ ചെക്ക് നൽകിയത് 29-07-2015, 11-02-2016 എന്നീ തിയ്യതികളിലാണ്. (ചെക്ക്നം.0866505/29-07-2015, 0866524/11-02-2016)ഇവ കാലാവധി കഴിഞ്ഞ ചെക്കാണിത്. വർഷങ്ങളായി കാലാവധി കഴിഞ്ഞ ചെക്ക് ക്യാൻസൽ ചെയ്ത് വരവ് വെക്കാതെ ചെലവിൽ തന്നെ കാണിക്കുന്നതിന് വിശദീകരണം നൽകിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | 7,53,07,784 |
| വരവ് | 13,14,98,524 |
| ആകെ | 20,68,06,308 |
| ചെലവ് | 16,85,34,370 |
| നീക്കിയിരിപ്പ് | 3,82,71,938 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് | 0 | 3,66,18,000 | 3,66,18,000 | 2,97,62,607 | 68,55,393 | 81.28% |

| | | | | | | |
|---|---|---|---|---|---|---|
| പൊതുവിഭാഗം | | | | | | |
| വികസനഫണ്ട് എസ്.സി.പി. | 0 | 55,46,000 | 55,46,000 | 17,37,279 | 38,08,721 | 31.32% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 94,73,440 | 94,73,440 | 48,59,768 | 46,13,672 | 51.30% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1,01,29,873 | 1,01,29,873 | 87,63,479 | 13,66,394 | 86.51% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4,79,46,051 | 4,79,46,051 | 2,49,11,514 | 2,30,34,597 | 51.96% |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 14,30,483 | 14,30,483 | 11,33,609 | 2,96,874 | 79.25% |
| | | 11,11,43,847 | 11,11,43,847 | 7,11,68,256 | 3,99,75,591 | 64.03% |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക ₹3,99,75,591

**ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ അവസാന ഇൻസ്റ്റാൾമെന്റ് ആയി ലഭിച്ച 1,12,89,653 രൂപ ട്രഷറിയിൽ വൈകി വരവ് വന്നതിനാൽ വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ലെന്ന് അധികൃതർ അറിയിക്കുകയുണ്ടായി)

ഫണ്ട് വിനിയോഗം രസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 2,97,62,607 | 2,97,62,607 | 2,97,62,607 | 0 |
| വികസന ഫണ്ട് -എസ്.സി.പി. | 0 | 17,37,279 | 17,37,279 | 17,37,279 | 0 |
| വികസന ഫണ്ട് -ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 48,59,768 | 48,59,768 | 48,59,768 | 0 |
| മെയിന്റനൻസ്,ഗ്രാന്റ് നോൺ- റോഡ് | 0 | 87,63,479 | 87,63,479 | 87,63,479 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 2,49,11,514 | 2,49,11,514 | 2,49,11,514 | 0 |
| കെ.എൽ.എസ്.ജി.ഡി.പി. (ലോക ബാങ്ക്) | 0 | 11,33,609 | 11,33,609 | 11,33,609 | 0 |
| | | | | | |
| ബി ഫണ്ട് | 0 | 7,09,080 | 7,09,080 | 3,00,000 | 0 |
| ട്രഷറി തനത് ഫണ്ട്. | 3,19,85,355 | 1,54,06,676 | 4,73,92,031 | 4,42,30,728 | 31,61,303 |
| ട്രഷറി സംയുക്ത പദ്ധതി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| സൗത്ത് ഇന്ത്യൻ ബാങ്ക്-എൻ.യു.എൽ.എം. | 50,61,068 | 2,98,667 | 53,59,735 | 52,68,146.72 | 91,588.28* |
| സൗത്ത് ഇന്ത്യൻ ബാങ്ക്-പി.എം.എ.വൈ. | 76,50,000 | 2,32,84,024 | 3,09,34,024 | 2,17,63,216 | 91,70,808* |

| | | | | | |
|---|---|---|---|---|---|
| ICICI ശുചത്വ മിഷൻ | 9,02,643 | 8,28,914 | 17,31,537 | 12,53,135 | 4,78,422 |
| എസ്.ബി.ഐ. SGRY | 12,429 | 355 | 12,784 | ഇല്ല | 12,784 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ EMS നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക് | 1,51,720 | 0 | 1,51,720 | ഇല്ല | 1,51,720 |
| നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക് MN ലക്ഷം വീട് | 1,586 | 0 | 1,586 | ഇല്ല | 1,586 |
| സിൻഡിക്കേറ്റ് ബാങ്ക് -ശുചിത്വമഷൻ പ്രത്യേക ഫണ്ട്. | 89,70,281 | 9,58,193 | 99,28,474 | 6,30,265 | 92,98,209 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 95,84,972* | 3,28,273 | 99,13,245 | 41,67,053 | 57,46,192* |
| തനത് ഫണ്ട് | | | | | |
| എസ്. ബി. ഐ. തനത് | 95,56,187 | 1,86,92,501 | 2,82,48,688 | 1,94,60,605 | 87,88,083* |
| എസ്.ബി.ഐ. ഇ-മണൽ | 8,66,364 | 32,271 | 8,98,635 | ഇല്ല | 8,98,635 |
| മറ്റുള്ളവ | | | | | |
| നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക്978 | 5,89,695.49 | 23,824 | 6,13,519.49 | ഇല്ല | 6,13,519.49 |
| കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് | 1,849 | 35 | 1,884 | ഇല്ല | 1,884 |

| | | | | | |
|---|---|---|---|---|---|
| നീലേശ്വരം സഹകരണ അർബൻ ബാങ്ക് | 13,369 | 472 | 13,841 | ഇല്ല | 13,841 |
| PFട്രഷറി | 8,113 | 0 | 8,113 | ഇല്ല | 8,113 |
| Service Tax E-payment എസ്.ബി.ഐ. | 0 | 3,69,759 | 3,69,759 | 3,70,408 | -649 |
| EPF E-Payment- എസ്.ബി.ഐ. | 0 | 2,27,801 | 2,27,801 | 2,26,043 | 1,758 |

*ബാങ്ക് അക്കൗണ്ടുകളിലെ വിവരങ്ങൾ സംബന്ധിച്ച് അധികൃതർ ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. മേൽ പട്ടികയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി മുന്നിരിപ്പ്, നീക്കിയിരിപ്പ് എൻ.യു.എൽ.എം. നീക്കിയിരിപ്പ്, എന്നീയിനങ്ങളിൽ കാണിച്ചിട്ടുള്ള തുക വാർഷിക ധനകാര്യ പത്രികയിലെ തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വാർഷികകണക്കിൽ ഉൾപ്പെട്ട തുകയിൽ പിശകുണ്ടെന്ന് അധികൃതർ അറിയിക്കുകയുണ്ടായി. അതുപോലെ ബി ഫണ്ടിനത്തിൽ മേൽ പരാമർശിച്ച തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തയതിലും പിശകുണ്ട്. വാർഷിക ധനകാര്യ പത്രിക പരിശോധന സംബന്ധിച്ച് ഈ റിപ്പോർട്ടിലെ ഭാഗം1, ഭാഗം2 എന്നിവയിലെ പരാമർശങ്ങൾ കാണുക.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 231 | 151 | 5 | 75 | 65.36% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2017-18വർഷത്തിൽ | 2017-18വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | ചെലവ് ശതമാനം. |
|---|---|---|---|---|

| | | നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | | | |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 2,00,000 | 1 | 1,64,000 | 82% |
| 2 | മെഡിക്കൽ ഓഫീസർ, ആയുർ വേദം | 2 | 10,09,796 | 2 | 10,09,796 | 100% |
| 3 | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ആശുപത്രി, നീലേശ്വരം | 6 | 21,50,000 | 6 | 21,49,276 | 99.97% |
| 4 | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 5 | 23,48,300 | 5 | 22,93,654 | 97.67% |
| 5 | കൃഷി ഓഫീസർ | 8 | 59,18,250 | 7 | 39,63,836 | 66.98% |
| 6 | സീനിയർ വെറ്റിനറി സർജൻ, നീലേശ്വരം മൃഗാശുപത്രി | 5 | 40,83,120 | 5 | 34,33,120 | 84.08% |
| 7 | മെമ്പർ സെക്രട്ടറി, സീനിയർ ക്ലാർക്ക്, നീലേശ്വരം നഗരസഭ | 7 | 1,04,22,140 | 4 | 74,84,800 | 71.82% |

| | | | | | | |
|---|---|---|---|---|---|---|
| 8 | ഹെൽത്ത് ഇൻസ്പെക്ടർ, നീലേശ്വരം നഗരസഭ | 10 | 1,07,14,873 | 7 | 35,07,780 | 32.74% |
| 9 | ഹെഡ്മിസ്ട്രസ്, സി.എച്ച്.എം, കെ.എസ് ജി വി എച്ച് എസ്, കോട്ടപ്പുറം | 13 | 42,01,950 | 13 | 41,87,133 | 99.65% |
| 10 | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 8 | 86,52,115 | 8 | 75,86,683 | 87.69% |
| 11 | മുനിസിപ്പൽ എഞ്ചിനീയർ | 147 | 7,75,89,276 | 85 | 3,38,44,817 | 43.62% |
| 12 | ബ്ലോക്ക് എസ്.സി.ഡി.ഒ | 9 | 45,37,820 | 3 | 9,21,950 | 20.32% |
| 13 | നഗരസഭ സെക്രട്ടറി | 10 | 52,29,461 | 10 | 35,42,768 | 67.75% |
| | | 231 | 13,70,57,101 | 156 | 7,40,89,613 | 54.06% |

2017-18 സാമ്പത്തിക വർഷം ആകെ 231 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 156 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 65.36% മാത്രമാണ് നടപ്പിലാക്കിയത്. തൻവർഷം 147പൊതുമരാമത്ത് പ്രവൃത്തികളാണ് അംഗീകരിച്ച പദ്ധതി പ്രകാരം നടപ്പാക്കേണ്ടിയിരുന്നത് എന്നാൽ 85 മരാമത്ത് പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചുള്ളൂ. തൻവർഷം വകയിരുത്തിയ തുകയുടെ 43.62% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്.

നിർവ്വഹണോദ്യോഗസ്ഥന്മാരായ ബ്ലോക്ക് എസ്.സി.ഡവലപ്മെന്റ് ഓഫീസർ തൻവർഷം വകയിരുത്തിയ തുകയുടെ 20.32% മാത്രമാണ് ചെലവഴിച്ചത്. തൻവർഷം 9 പദ്ധതികളാണ് അംഗീകരിച്ച പദ്ധതി പ്രകാരം എസ്.സി.ഡവലപ്മെന്റ് ഓഫീസർ നടപ്പാക്കേണ്ടിയിരുന്നത് എന്നാൽ 3 പദ്ധതികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചുള്ളൂ. അതുപോലെ ഹെൽത്ത് ഇൻസ്പെക്ടർ തൻവർഷം വകയിരുത്തിയ തുകയുടെ 32.74% മാത്രമാണ് ചെലവഴിച്ചത്. നിർവ്വഹണോദ്യോഗസ്ഥന്മാരുടെ കുറഞ്ഞ ചെലവ് ശതമാനം ഭരണ സമിതിയുടെയും ശ്രദ്ധയിൽപെടുത്തുന്നു.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷം തനത് നികുതി നികുതിയേതര വരുമാനയിനങ്ങളുടെ വരവിൽ നേരിയ ( 0.11%) വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1,16,15,528 | 1,17,19,441 | (+)1,03,913 | (+) 0.90% |
| നികുതിയേതര വരവുകൾ | 52,85,567 | 52,38,430 | (-) 47,137 | (-) 0.90% |
| മറ്റുള്ളവ | 2,96,936 | 2,60,414 | (-) 36,522 | (-) 12.29% |
| ആകെ | 1,71,98,031 | 1,72,18,285 | (+) 20,254 | (+) 0.11% |

## 1-8 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 95,84,972 | 3,28,273 | 99,13,245 | 3,32,800 | 57,46,192 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 38,34,253 | |
| ആകെ | 95,84,972 | 3,28,273 | 99,13,245 | 41,67,053 | 57,46,192 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2017-18 വർഷം 245 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ നഗരസഭ തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 115 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 13,976 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

## 1-9 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.

തൻവർഷം നഗരസഭയിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,09,080 | 184 |
| കർഷകതൊഴിലാളി പെൻഷൻ | 92,66,900 | 815 |
| വിധവാപെൻഷൻ | 2,14,96,200 | 1,916 |
| വാർദ്ധക്യകാലപെൻഷൻ | 2,96,34,000 | 2,548 |
| വികലാംഗപെൻഷൻ | 59,93,900 | 532 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 15,80,000 | 145 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 6,00,000 | 20 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-02-2019 തീയതിയിൽ 3.00 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 98,450/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തര നിയന്ത്രണം

1) നീലേശ്വരം നഗര സഭാ ഓഫീസിന് അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണവും നിലവിലെ ജീവനക്കാരുടെ എണ്ണവും ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| തസ്തികയുടെ പേര് | അനുവദിക്കപ്പെട്ട ജീവനക്കാരുടെ എണ്ണം | നിലവിൽ ജീവനക്കാരുടെ എണ്ണം | തസ്തിക ഒഴിവുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| സെക്രട്ടറി | 1 | 1 | - | |
| സൂപ്രണ്ട് | 1 | 1 | - | |

| | | | | |
|---|---|---|---|---|
| റവന്യൂ ഇൻസ്പെക്ടർ | 1 | 1 | - | |
| എച്ച്സി/ആർ.ഐ | 1 | 1 | - | |
| സീനിയർ ക്ലർക്ക് | 7 | 7 | - | |
| ക്ലർക്ക്/ബിൽകലക്ടർ | 7 | 4 | 2 | |
| ഓഫീസ് അറ്റൻഡന്റ് | 2 | 2 | - | |
| എച്ച്.ഐ ഗ്രേഡ്-1 | 1 | 1 | - | |
| ജെ.എച്ച്.ഐ ഗ്രേഡ്-1 | 1 | 1 | - | |
| ജെ.എച്ച്.ഐ ഗ്രേഡ്-11 | 3 | 3 | - | |
| കണ്ടിജന്റ് ജീവനക്കാർ | 7 | 7 | - | |
| കൃഷി വകുപ്പിൽനിന്നുള്ള ഡിപ്ലോയിഡ് ക്ലർക്ക് | 1 | 1 | - | |

രണ്ട് ക്ലർക്ക് തസ്തികകളിൽ നിയമനം നടക്കാത്തത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വിശദീകരിച്ചുകൊണ്ടുള്ള ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അവ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പ്രത്യേകം ഉത്തരവുകളായിത്തന്നെ സൂക്ഷിച്ചിരിക്കുകയാണ്. G1-14562/10 തിയതി.02-07-2018 പ്രകാരം വിശദമായ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3).മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം ഓരോ സെക്ഷനുകളിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ രജിസ്റ്ററിലെയും ആദ്യ കടലാസിൽ(fly leaf)സെക്ഷൻ സൂപ്രണ്ടിന്റെയും രജിസ്റ്റർ സൂക്ഷിയ്ക്കുന്ന ക്ലർക്കിന്റെയും പേര് എഴുതി ചേർത്തിരിയ്ക്കേണ്ടതുമാണ്.ഖണ്ഡിക 150 പ്രകാരം സൂപ്രണ്ടുമാർ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കേണ്ടതിന്റെ ഒരു ഷെഡ്യൂൾ ഓഫീസ് മേധാവി തയ്യാറാക്കുകയും അതനുസരിച്ച് പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിക്കേണ്ടതുമാണ്. ഓരോ പേഴ്സണൽ രജിസ്റ്ററിനോടൊപ്പവും ഒരു കലണ്ടർ വർഷം നീളുന്ന ഒരു തുടർ കുറിപ്പ് ഫയൽ (Running note file) സൂക്ഷിക്കേണ്ടതുമാണ്. നഗരസഭയിൽ തുടർ കുറിപ്പ് ഫയൽ സൂക്ഷിക്കുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കുകയോ ചെയ്യുന്നില്ല. പേഴ്സണൽ രജിസ്റ്ററിൽ ഫയലിൻമേൽ എടുത്ത തുടർ നടപടികൾ രേഖപ്പെടുത്തുന്നില്ല.

4) ജീവനക്കാരുടെ പ്രതിമാസ യോഗവിവരങ്ങൾ രേഖപ്പെടുത്തുന്ന മിനിട്സ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്.

5) ഇൻകുമ്പൻസി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 03-07-2009ലെ 74217/ആർ.സി.3/08/ത.സ്വ.ഭ.വ.നമ്പർ സർക്കുലറിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അടങ്ങിയ ഇൻകുംമ്പൻസി രജിസ്റ്റർ സൂക്ഷിയ്ക്കണമെന്നും സ്ഥലംമാറ്റം സംബന്ധിച്ചുള്ള വിവരം രേഖപ്പെടുത്തണമെന്നും സ്ഥലം മാറുന്ന ഉദ്യോഗസ്ഥൻ നിർവഹണം നടത്തുന്ന പ്രവർത്തികളുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണമെന്നും ഫയലുകൾ,രജിസ്റ്ററുകൾ തുടങ്ങിയവ രേഖാ മൂലം കൈമാറണം എന്നും നിർദ്ദേശിച്ചിരുന്നു. ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുവാനും സർക്കാർ നിർദ്ദേശപ്രകാരം ജീവനക്കാരുടെ വിവരങ്ങൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

6)തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന ഓഡിറ്റ് ഓബ്ജക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റ് തടസ്സവാദങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നഗരസഭയുടെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികൾ, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ എന്നിവയിന്മേൽ സമയബന്ധിതമായി നടപടികൾ കൈക്കൊള്ളേണ്ടതാണ്.
7)പശ്ചാത്തല സൗകര്യത്തിന്റെ അപര്യാപ്തത ഓഫീസ് സംവിധാനത്തിന്റെ കാര്യക്ഷമതയെ ബാധിച്ചിട്ടുണ്ട്. പുതിയ ഓഫീസ് സമുച്ചയ നിർമ്മാണ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും നിർമ്മാണം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

(8) നഗരസഭയുടെ തനത് ആസ്തികൾ വാങ്ങലിൻെറ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്റർ കാലികമാക്കുന്നില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകി വരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(9) നഗരസഭയ്ക്ക് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാന്റിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടികൾ സ്വീകരിക്കേണ്ടതാണ്.. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

10) നഗരസഭാ സെക്രട്ടറിയുടെ തനത് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പിൽ കൂടുതൽ ശ്രദ്ധ

പുലർത്തേണ്ടതാണ്. കണ്ടിജന്റ് വൗച്ചറുകളോടൊപ്പം ചെലവ് സാധൂകരിക്കുന്ന കൈപ്പറ്റ് രേഖകളുൾപ്പടെയുള്ള അനുബന്ധരേഖകൾ കൃത്യമായി സൂക്ഷിക്കാത്തതിനാൽ ഇവയുടെ പരിശോധനയിൽ ബുദ്ധിമുട്ട് നേരിടുകയുണ്ടായി.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-05-2015 | 2012-13 to 2014-15 | 26-07-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-01-2017 | 2012-13 to 2015-16 | 27-03-2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രിക പരിശോധന-അധിക നിരീക്ഷണങ്ങൾ

ഈ റിപ്പോർട്ടിലെ ഖണ്ഡിക നം 1(3)-ന് പുറമേ ഓഡിറ്റ് സമയത്ത് ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1).ദുരിതാശ്വാസ നിധിയിനത്തിൽ 13,841 രൂപ ബാങ്ക് ബാലൻസുണ്ട്. എന്നാൽ ഈ തുക ബാലൻഷീറ്റിൽ B-2 ൽ (earmarked fund) ഉൾപ്പടുത്തിയിട്ടില്ല.

2).31.03.2017 ലെ ബാലൻസ് ഷീറ്റിൽ(B-3) 312100200- Reserves എന്ന ഹെഡിൽ 12,91,97,031 രൂപ നീക്കിയിരിപ്പ് കാണുന്നു. ഈ റിസർവ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3).ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ബെനിഫിഷറി കോൺട്രിബ്യൂഷൻ തിരികെ നൽകാനുള്ളതായി 28,99,822/- രൂപ കണക്കാക്കിയിരുക്കുന്നു. ആയതിൽ 19,50,850/- രൂപയുടെ വിവരങ്ങൾ മാത്രമേ ബോദ്ധ്യപ്പെട്ടിട്ടുള്ളൂ.

4).ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ താഴെ പറയുന്ന ശീർഷകങ്ങളിൽ തുക നീക്കിയിരിപ്പുണ്ട്.

| Code No. | Particulars | Amount |
|---|---|---|

| | | |
|---|---|---|
| 320200209 | Fund for transferred institution- education- capital | 3,25,500രൂപ |
| 320300100 | Other goverment agencies | 4,495 രൂപ |

നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

5).31.03.2018 ലെ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-7 ൽ വിവിധ ഹെഡുകളിലായി 18,30,744.50 രൂപ deposits received എന്ന ഇനത്തിൽ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. ഈ നീക്കിയിരിപ്പ് തുകകളുടെ വിശദ വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല. ആരിൽ നിന്ന്, എന്ന്, എന്ത് ആവശ്യത്തിന് ലഭിച്ച തുകകളാണ് നീക്കിയിരിപ്പ് ഉള്ളതെന്ന വിവരങ്ങൾ ഇല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുമില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം നഗരസഭാ ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി നഗരസഭയ്ക്ക് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ-ബി-7 ഡെപ്പോസിറ്റ് റിസീവ്ഡ്-ൽ തന്നെയാണ് നിലനിർത്തിയിരിക്കുന്നത്.

6).31.03.2017 ലെ ബാലൻസ് ഷീറ്റിൽ 350110100- gross slary payable എന്ന ഹെഡിൽ 24,67,304രൂപ 01.04.2017 ന് മുന്നിരിപ്പ് തുകയുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഈ തുക ഇതേ ഹെഡിൽ 2016-17 വർഷത്തെ ബാലൻസ് ഷീറ്റിലും ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്.

7).31.03.2018 ലെ ബാലൻസ് ഷീറ്റിൽ 350110400-provident fund payable എന്ന ഹെഡിൽ 8,113 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണിച്ചിട്ടുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഈ തുക ഇതേ ഹെഡിൽ 2016-17 വർഷത്തെ ബാലൻസ് ഷീറ്റിലും ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്.

8).31.03.2018 ലെ ബാലൻസ് ഷീറ്റിൽ 350110700-contribution to central pension fund payable എന്ന ഹെഡിൽ 5,17,852 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. ഈ തുക 01.04.2017 നും മുന്നിരിപ്പ് തുകയാണ്. 2017-18 ൽ ഈ തുക അഡ്ജസ്റ്റ് ചെയ്യിട്ടില്ല.

9).31.03.2018 ലെ ബാലൻസ് ഷീറ്റിൽ 350110500-pension and gratuity payable എന്ന ഹെഡിൽ 4,55,294 രൂപ നെഗറ്റീവ് എൻട്രിയായി കാണിച്ചിട്ടുണ്ട്. ആയത് ശരിയല്ല.

10).ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ഇനങ്ങളുടെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല. ഈ തുക ഇതേ ഹെഡിൽ 2016-17 വർഷത്തെ ബാലൻസ് ഷീറ്റിലും ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്.

| Code No. | Particulars | Amount |
|---|---|---|
| 350200209 | Recoverirs payable VAT Muncipal fund | 2,29,154 രൂപ |
| 350300214 | Recoverirs payable KCWWF Muncipal fund | 14,597 രൂപ |

| | | |
|---|---|---|
| 350300100 | Library cess payable | 3,86,808.48രൂപ |
| 350309900 | Others payable | 74,000രൂപ |
| 350400104 | Refund payable- service cess | 928 രൂപ |
| 350400199 | Refund payable- other taxes | 85,820 രൂപ |
| 350409901 | Refund payable- deposit works | 31,273 രൂപ |
| 350410301 | Refund payable- others | 1,67,775 രൂപ |
| 350410301 | Advance collection of revanues- licence fees | 8,04,967 രൂപ |
| 350410404 | Advance collection of revanues- rent from lease of lands | 6,200 രൂപ |

11).അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ പരിപാലിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് (B-11 Schedule) പ്രകാരമുള്ള ആസ്തികളുടെ രേഖപ്പെടുത്തൽ പരിശോധിക്കാനായിട്ടില്ല. കൂടാതെ വിവിധ ആസ്തികൾക്ക് തൻവർഷം ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

12).വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ സഞ്ചയ അപ്ലിക്കേഷനിൽ ലഭ്യമാണെന്ന് അറിയിച്ചുവെങ്കിലും, പരിശോധനാസമയത്ത് സോഫ്റ്റ് വെയറിൽനിന്നും തൻവർഷത്തെ ഡി.സി.ബി. യുടെ സംക്ഷിപ്തം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി സംബന്ധിച്ച വിശദാംശങ്ങൾ ഡി.സി.ബി. യുമായി താരതമ്യം ചെയ്ത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

13).നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡയറി രജിസ്റ്റർ (അനുബന്ധം ബി-IV) എഴുതി സൂക്ഷിക്കുന്നില്ല.

14).ബാലൻസ് ഷീറ്റ് ബി 14 ഷെഡ്യൂളിൽ ക്ലോസിങ് സ്റ്റോക്ക് 35,980/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. മൂല്യം കണക്കാക്കിയത് ബോദ്ധ്യപ്പെട്ടിട്ടില്ല.

15).2017-18 വർഷത്തിൽ വിവിധ നിർവഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ 60,22,611രൂപ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിൽ ബി-18 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല.

16).ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂളിൽ 412100100-ൽ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (ഡെവലപ്പ് മെന്റ് ഫണ്ട് ) 77,05,599/- രൂപ, 412010100-ൽ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (മുനിസിപ്പൽ ഫണ്ട് ) 35,80,488/-രൂപ, 412100500-ൽ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (ഫണ്ട് ഫോർ ട്രാൻസ്ഫേർഡ് ഇൻസ്റ്റിറ്റ്യൂഷൻ) 41,45,183/-രൂപയും, ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ ആധികാരികത ഉറപ്പാക്കാൻ കഴിഞ്ഞില്ല.

17).തൊഴിൽ രഹിത വേതനം ഇനത്തിലെ യഥാർത്ഥ ചെലവ് 1, 09,080 രൂപയാണ്. I -6 ൽ ഇത് 1,50,000 രൂപയാണ് , 40,920 രൂപ സാമ്പത്തിക വർഷം തന്നെ തിരിച്ചടച്ചിട്ടുണ്ട്. ആയത് കൂടി ചെലവിൽ ഉൾപ്പെടുത്തി കാണുന്നു.

18).വിവാഹ ധനസഹായം ഇനത്തിലെ വരവ്-ചെലവ് ഭാഗങ്ങളിൽ ഉൾപ്പെടുത്തേണ്ട 6,00,000 രൂപ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം18/27.02.2019).

## 2-2 റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ്.

നീലേശ്വരം നഗരസഭയിൽ 2017-18 വർഷത്തിൽ ഐഡിയ സെല്ലുലാർ ലിമിറ്റഡ് എന്ന ടെലികോം കമ്പനിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് റോഡ് സൈഡ് കട്ട് ചെയ്യുവാൻ നഗരസഭ കൗൺസിലിന്റെ 21/1തീയ്യതി.21.02.2018-നം തീരുമാന പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഐഡിയ സെല്ലുലാർ ലിമിറ്റഡ് ജനറൽ മാനേജരുടെ 27.10.2017-ലെ അപേക്ഷ പരിഗണിച്ചാണ് ആകെ 1450-മീറ്റർ നീളത്തിൽ പള്ളിക്കര CHC റോഡിൽ നഗരസഭയ്ക്കകത്ത് റോഡ് സൈഡ് കട്ട് ചെയ്ത് കേബിൾ സ്ഥാപിക്കുന്നതിന് പെർമിറ്റ് നൽകിയത്. ഈ പെർമിറ്റ് അനുവദിച്ചതിന് ഫീസ് ഇനത്തിൽ ആകെ 4,42,328/- രൂപ രശീത് നം.117060400020/23.02.2018 പ്രകാരം പിരിച്ചെടുത്തിട്ടുണ്ട്. ഈ പെർമിറ്റ് അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. (ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് ദേശീയപാത വിഭാഗം, തിരുവനന്തപുരം, സർക്കുലർ നം.എൻ.എച്ച്.5.ഡി.10-1842/85(ബി), തിയ്യതി.10.10.2012 കാണുക)

1)ഐഡിയ സെല്ലുലാർ ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ പൂർണ്ണമല്ല. അപേക്ഷയിൽ ആകെ 1450മീറ്റർ റോഡ് സൈഡ് കട്ട് ചെയ്ത് കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകണം എന്നു മാത്രമാണ് രേഖപ്പെടുത്തിയത്, കുഴിയുടെ വീതി, ആഴം എന്നിവ സൂചിപ്പിച്ചിട്ടില്ല.

2)Restoration charges കണക്കാക്കിയതിൽ കുറവ്.

(A)സാധാരണ പ്രതലങ്ങളിൽ കേബിൾ കുഴിക്കുന്നത് Restoration width എന്നാൽ Trench width ന്റെ 1.5 മടങ്ങ് ആയിരിക്കണമെന്ന് മേൽ സൂചിപ്പിച്ച സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം തന്നെയാണ് നഗരസഭ കണക്കാക്കിയിട്ടുള്ളത്, എന്നാൽ ടാർ പ്രതലങ്ങളിൽ Restoration width ചുരുങ്ങിയത് 1m ആയിരിക്കണമെന്ന് മേൽ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് കണക്കാക്കാതെ റീസ്റ്റോറേഷൻ ചാർജ്ജ് സാധാരണ പ്രതലങ്ങളിലെ നിരക്കിലാണ് ഈടാക്കിയിരിക്കുന്നത്. ഐഡിയ സെല്ലുലാർ ലിമിറ്റഡ് ടാർ പ്രതലങ്ങളിൽ 262m കേബിൾ കുഴിയെടുത്തിട്ടുണ്ട്. തെറ്റായ രീതിയിൽ റോഡ് റീസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിലൂടെ നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| പ്രതലങ്ങളുടെ തരം | നഗരസഭ കണക്കാക്കി ഈടാക്കിയത് | | | ഈടാക്കേണ്ടിയിരുന്നത് | | |
|---|---|---|---|---|---|---|
| | അളവ് | നിരക്ക് | തുക | അളവ് | നിരക്ക് | തുക |
| Restoration chargeofBerm | 1,188x0.5x 1.50=891m2 | 161/m2 | 1,43,451 | 1,188x0.5x 1.50= 891m2 | 161/m2 | 1,43,451 |
| Restoration chargeofRoad | 262x0.50x 1.50=196.5m2 | 1,521/m2 | 2,98,876.5 @2,98,877 | 262x1= 262m2 | 1521/m2 | 3,98,502 |
| | ആകെ | | 4,42,328 | | | 5,41,953 |
| | കുറവ് വന്ന തുക (5,41,953 – 4,42,328) = 99,625 | | | | | |

മേൽ അപാകതകൾക്ക് വിശദീകരണം നല്കുന്നതിനു വേണ്ടി ഓഡിറ്റ് എൻക്വയറി നം.4/16.02.2019 പ്രകാരം ആവശ്യപ്പെട്ടതിനെ തുടർന്ന് നല്കിയ മറുപടിയിൽ കുറവ് വന്ന തുക ഈടാക്കുന്നതാണെന്നുള്ള മറുപടിയാണ് നല്കിയത്. ആയതിനാൽ റിസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിൽ കുറവ് വന്ന 99,625 രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 നഗരസഭയിലേക്കാവശ്യമായ രസീത് പുസ്തകങ്ങൾ സ്വകാര്യ പ്രസ്സിൽ അച്ചടിച്ചത് സംബന്ധിച്ച്

നഗരസഭ അടക്കമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങിലേക്കാവശ്യമായ രസീത് പുസ്തകങ്ങൾ അടക്കമുള്ളവയുടെ അച്ചടി ജോലികൾ ഗ്രാമലക്ഷ്മി മുദ്രാലയത്തെ ഏൽപ്പിക്കണമെന്ന് ജി.ഒ.(ആർ.ടി.)നം.965/2015 ത.സ്വ.ഭ.വ. തീയതി 28.03.2015 പ്രകാരം ഉത്തരവുണ്ട്.22.03.2017 ന് ജയറാം ഓഫ്സെറ്റ് പ്രിൻേറഴ്സ്, നീലേശ്വരം എന്ന സ്ഥാപനത്തിൽ നിന്നും 50 മാന്വൽ രസീത് പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്(വൗച്ചർ നം.5/17-18).ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7 ന് നൽകിയ മറുപടിയിൽ നികുതി പിരിവ്, നഗരപ്രിയ പദ്ധതി, ഉറവിട മാലിന്യ സംസ്കരണം എന്നീ പദ്ധതികളുടെ അടിയന്തിര സാഹചര്യം പരിഗണിച്ചാണ് സ്വകാര്യ പ്രസ്സിൽ രസീത് പുസ്തകങ്ങൾ അച്ചടിച്ചതെന്ന് അറിയിച്ചിട്ടുണ്ട്.സ്വകാര്യ പ്രസ്സിൽ രസീത് പുസ്തകങ്ങൾ അച്ചടിക്കുന്നത് മൂലം രസീതി പുസ്തകളുടെ ദുരുപയോഗം ഉണ്ടാകുവാൻ സാധ്യതയുണ്ട്.ഭാവിയിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നു തന്നെ മാന്വൽ രസീത് പുസ്തകങ്ങൾ വാങ്ങിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 അനധികൃത കെട്ടിടനിർമ്മാണം-രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത.

നഗരസഭാ പരിധിക്കുള്ളിലുള്ള അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് ആധികാരികമായി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അനധികൃത നിർമ്മാണത്തിന്റെ വിശദാംശങ്ങൾ, ഏത് നിയമമാണ് ലംഘിച്ചിരിക്കുന്നത്, നിർമ്മാണം നിയമാനുസൃതമാക്കാത്തവയിൽ നിന്നും ഈടാക്കിയിട്ടുള്ള നികുതി എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് 19.05.2014-ലെ 29342/ആർ.എ.1/2014/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളെ കുറിച്ചുള്ള വിവരങ്ങൾ മേൽ സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. അനധികൃത നിർമ്മാണം സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കാതിരിക്കുന്നത് അനധികൃത നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കാതെയും, ക്രമവൽക്കരിക്കാതെയും അവ കാലക്രമത്തിൽ നിയമാനുസൃത നിർമ്മാണങ്ങളാകുന്നതിന് കളം ഒരുക്കുന്നു. സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് അനധികൃത നിർമ്മാണങ്ങൾക്ക് എതിരെ നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-5 ഇ-ടെണ്ടർ- ബിഡ് സമർപ്പണ ഫീസ് നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല.

2017 -18 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. നീലേശ്വരം ശാഖയിലുള്ള അക്കൗണ്ടിലേക്കാണ് (നം-67293236488) ഓൺലൈൻ ആയി ക്രഡിറ്റ് ആയിട്ടുള്ളത്. ഈ തുക നഗരസഭയുടെ കണക്കിൽ പെട്ടിട്ടില്ല.

മുനിസിപ്പൽ എഞ്ചിനീയറുടെ ഈ അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ഈ അക്കൗണ്ടിൽ ബിഡ് ഫീസ് അല്ലാതെ മറ്റു വരവുകൾ വന്നതായോ ചെറിയ ബാങ്ക് ചാർജ് ഒഴികെ മറ്റു ചെലവുകൾ വന്നതായോ കാണുന്നില്ല. ആയതിനാൽ ഈ അക്കൗണ്ടിലെ മുഴുവൻ നീക്കിയിരിപ്പും ബിഡ് സമർപ്പണ ഫീസിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുകയാണെന്ന് നിരീക്ഷിക്കുന്നു. 20.02.2019 ൽ ഈ അക്കൗണ്ടിൽ 9,06,713/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക എത്രയും വേഗം നഗരസഭയുടെ അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്. കൂടാതെ 2018-19 വർഷത്തിൽ ലഭിച്ച ബിഡ് ഫീസും കണക്കാക്കി അടക്കേണ്ടതും ഭാവിയിൽ നിശ്ചിത ഇടവേളകളിൽ ബിഡ് സമർപ്പണ ഫീസ് കണക്കാക്കി നഗരസഭയുടെ അക്കൗണ്ടിലേക്ക് മാറ്റേണ്ടതുമാണ്.

## 2-6 തൊഴിൽ നികുതി പരിശോധന – നികുതി ഈടാക്കിയതിലെ അപാകതകൾ

1. താഴെക്കാട്ടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ നികുതി അടവാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം | ആകെ അർദ്ധ വർഷ വരുമാനം | അടവാക്കേണ്ട നികുതി | അടവാക്കിയ നികുതി | കുറവ് | രശീതി നം. |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | (HRA കണക്കി ലെടുക്കാതെ) | | | | |
| 1 | അനീഷ്, ഓ.കെ, ഹെഡ് കാഷ്യർ | യൂണിയൻ ബാങ്ക്,നീലേശ്വരം | 1,67,053/- (ആദ്യ അർദ്ധ വർഷം) | 1,250 | 1,000 | 250 | 400013/ 26.10.2017 |
| 2 | ഷിജില,കെ.പി, ക്ലർക്ക് | യൂണിയൻ ബാങ്ക്,നീലേശ്വരം | 1,31,596/- (ആദ്യ അർദ്ധ വർഷം) | 1,250 | 750 | 500 | 400013/ 26.10.2017 |
| 3 | എ ദാമോദരൻ, കലശക്കാരൻ | ശ്രീ മന്നൻപുറത്ത് കാവ് ദേവസ്വം | 49,311/- (ആദ്യ അർദ്ധ വർഷം) | 450 | 375 | 75 | 500024/ 07.09.2017 |
| 4 | സഫീറ.ടി.എം, അസി.പ്രൊഫസർ (കരാർ) | ITEdn.Centre, കണ്ണൂർ യൂണിവേഴ്സിറ്റി | 1,26,000/- (ആദ്യഅർദ്ധ വർഷം) | 1,250 | 1,000 | 250 | 30003/ 14.08.2017 |
| 5 | അമ്പിളി പി.നായർ, അസി.പ്രൊഫസർ (കരാർ) | IT Edn.Centre, കണ്ണൂർ യൂണിവേഴ്സിറ്റി | 1,26,000/- (ആദ്യഅർദ്ധ വർഷം) | 1,250 | 1,000 | 250 | 30003/ 14.08.2017 |
| 6 | ജിതികൃഷ്ണ,പി. പി, അസി.പ്രൊഫസർ | IT Edn centre, | 1,26,000/- | 1,250 | 1,000 | 250 | 30003/ 14.08.2017 |

| | | | | | | | |
|---|---|---|---|---|---|---|---|
| | (കരാർ) | കണ്ണൂർ യൂണിവേഴ്സിറ്റി | (ആദ്യഅർദ്ധ വർഷം) | | | | |
| 7 | അനീഷ്, ഓ. കെ, ഹെഡ് കാഷ്യർ | യൂണിയൻ ബാങ്ക്, നീലേശ്വരം | 1,76,020/- (രണ്ടാംഅർദ്ധ വർഷം) | 1,250 | 1,000 | 250 | 500086/ 01.03.2018 |
| 8 | ഷിജില, കെ. പി, ക്ലർക്ക് | യൂണിയൻ ബാങ്ക്, നീലേശ്വരം | 1,31,075/- (രണ്ടാംഅർദ്ധ വർഷം) | 1,250 | 750 | 500 | 500086/ 01.03.2018 |
| 9 | എ.ദാമോദരൻ, കലശക്കാരൻ | ശ്രീ മന്നൻപുറത്ത് കാവ് ദേവസ്വം | 49,311/- (രണ്ടാംഅർദ്ധ വർഷം) | 450 | 375 | 75 | 500074/ 23.03.2018 |
| | | | ആകെ | | | 2,400 | |

കുറവ് വന്ന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. താഴെക്കൊടുത്തിരിക്കുന്ന ധനകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം അടവാക്കേണ്ടുന്ന നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 01 | S.B.I. നീലേശ്വരം |
| 02 | S.B.I, വ്യാപാര ഭവന സമീപം |
| 03 | വിജയ ബാങ്ക്, നീലേശ്വരം |
| 04 | നീലേശ്വരം റൂറൽ കോ-ഓപ്പറേറ്റീവ് ഹൗസിങ് സൊസൈറ്റി ലിമിറ്റഡ് |
| 05 | മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് |
| 06 | സിന്റിക്കേറ്റ് ബാങ്ക്, നീലേശ്വരം |
| 07 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് |
| 08 | കൊശമറ്റം ഫിനാൻസ് |

| | |
|---|---|
| 09 | നീലേശ്വരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്(ഹെഡ് ഓഫീസ്) |
| 10 | UAE എക്സ്ചേഞ്ച് |
| 11 | കാനറ ബാങ്ക്, നീലേശ്വരം |
| 12 | സിന്റിക്കേറ്റ് ബാങ്ക്, നീലേശ്വരം |
| 13 | ഇന്ത്യൻ ഓവർസീസ് ബാങ്ക് |
| 14 | നീലേശ്വരം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ് |
| 15 | കാസറഗോഡ് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ഹൗസിങ് സൊസൈറ്റീസ് |
| 16 | ശ്രീ ഗോകുലം ചിട്ട് & ഫിനാൻസ് ലിമി. |
| 17 | ഫെഡറൽ ബാങ്ക് |
| 18 | ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കാസറഗോഡ് |

മേൽ പരാമർശിച്ച ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ രണ്ട് അർദ്ധ വർഷത്തേയും നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3. താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പത്രിക പരിശോധിച്ചതിൽ വിമുക്ത ഭടൻ എന്ന കാരണത്താൽ തൊഴിൽ നികുതിയിൽ ഇളവ് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| സ്ഥാപനം | ജീവനക്കാരന്റെ പേര് | ആകെ അർദ്ധ വർഷ വരുമാനം | അടവാക്കേണ്ട നികുതി |
|---|---|---|---|
| നീലേശ്വരം സബ്ട്രഷറി | നാരായണൻ, പി.എം, ജൂനിയർ അക്കൗണ്ടന്റ് | 2,16,010 (ആദ്യ അർദ്ധ വർഷം) | 1,250 |

വിമുക്ത ഭടൻമാർക്ക് തൊഴിൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിക്കൊണ്ടുള്ള നിയമങ്ങളോ/ചട്ടങ്ങളോ/ഉത്തരവുകളോ ഉണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. മേൽ പരാമർശിച്ച ജീവനക്കാരനിൽ നിന്നും രണ്ട് അർദ്ധവർഷത്തെയും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4. കാനറ ബാങ്ക് മാനേജർ, എച്ച്. പി. വി. കാമത്ത് 5,24,718 രൂപ ആദ്യ അർദ്ധവർഷം വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 17.07.2017 ന ജോലിയിൽ പ്രവേശിച്ചു എന്ന കാരണത്താൽ 750/- രൂപ മാത്രമേ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളു. പ്രസ്തുത വ്യക്തി അവശേഷിക്കുന്ന 500 രൂപ നികുതി മുൻപ് ജോലി ചെയ്ത പരിധിയിലുള്ള ത.സ്വ.ഭ സ്ഥാപനത്തിൽ അടവാക്കിയതിന്റെ രശീതിന്റെ പകർപ്പ് പത്രികയോടൊപ്പം സമർപ്പിച്ചിട്ടുമില്ല. ആയതിനാൽ പ്രസ്തുത വ്യക്തിയിൽ നിന്നും അവശേഷിക്കുന്ന നികുതി ഈടാക്കേണ്ടതാണ്.

5. കച്ചവടക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് റജിസ്റ്റർ പരിശോധിച്ചതിൽ മുഴുവൻ കച്ചവടക്കാരുടേയും നികുതി പിരിച്ചെടുത്തിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| വാർഡ് നം. (റവന്യൂ വാർഡ്) | കച്ചവടക്കാരന്റെ പേരും കച്ചവടത്തിന്റെ സ്വഭാവവും | അർദ്ധവർഷത്തേക്ക് അടവാക്കേണ്ട നികുതി |
|---|---|---|
| I | അബ്ദുൾ കാദർ, ഇ. കെ,ഷൈൻ ബേക്കറി | 450 |
| I | സുബൈർ, സി.എച്ച്, ചിക്കൻ പാർക്ക് | 450 |
| I | മുഹമ്മദ്,എൻ. പി, അലങ്കാർ ഫാൻസി | 300 |
| I | കുഞ്ഞബ്ദുള്ള, എൻ. പി,ഗൗസിയ ഷോപ്പിങ് | 300 |
| I | മുഹമ്മദ് കുഞ്ഞി, പെൻഗ്വിൻ ഫാസ്റ്റ് ഫുഡ്സ് | 450 |
| I | സിന്ധു, തീരമൈത്രി സൂപ്പർ മാർക്കറ്റ് | 600 |
| I | മൊയ്തീൻ കുഞ്ഞി,അടുക്കം ട്രാവൽസ് | 750 |
| I | സുനീഷ്, ഷാജി ഹോട്ടൽ | 450 |
| I | പി. കുഞ്ഞിരാമൻ, ശ്രീരാം സ്പ്രേ പെയിന്റിങ് | 450 |
| I | പത്മനാഭൻ,ശ്രീദേവി സൈക്കിൾസ് | 120 |
| I | പത്മനാഭൻ, വി.വി,സ്പാർക്ക് ഓട്ടോ വർക്ക്സ് | 300 |
| I | അനിൽ കുമാർ, ഉമ ഏജൻസീസ് | 450 |
| I | ബി.കെ. മുഹമ്മദ് കുഞ്ഞി,ഫ്രണ്ട്ലി കുഷ്യൻ വർക്സ് | 180 |
| I | ഷരഫ അൽ-ബദാർ ഏജൻസീസ് | 180 |
| I | സി. അമ്പു, ബെസ്റ്റ് ബേക്കറി | 600 |
| I | രമേശൻ,എ,വെജിറ്റബിൾ മെർച്ചന്റ് | 300 |

| | | |
|---|---|---|
| I | സി.എച്ച്. ഷംഷുദ്ധീൻ, ഫാൻസി&ടോയ്സ് | 300 |
| II | മുഹമ്മദ് റാഫി,മോഡേൺ ഫയർ വർക്സ് | 450 |
| II | രാകേഷ്, എൻ. കെ, ടി. വി. സർവ്വീസ് സെന്റർ | 180 |
| II | ബാബു, കെ. വി, സയന ഓഡിയോ&വീഡിയോ | 300 |
| II | രാജേഷ് പൈ, സ്വാതി ഫാർമ | 750 |
| II | കളത്തിൽ കൃഷ്ണൻ,ഷൈലേഷ് ഹോട്ടൽ | 120 |
| II | പി.പി. അബ്ദുൾ ഖാദർ, CHM വെജിറ്റബിൾസ് | 300 |
| II | വിഷ്ണു,സുന്ദർ സ്റ്റോർസ് | 120 |
| II | പവിത്ര കുമാർ, കാജൽ ബാഗ്സ് | 750 |
| II | പത്മനാഭൻ,ന്യൂ ടാന്റക്സ് ടൈലേഴ്സ് | 180 |
| II | അബ്ദുൾ നിസാർ,ഇതൾ വസ്ത്രാലയ | 1000 |
| II | ഭാർഗവൻ, പ്രതീക്ഷ ഗ്രാഫിക്സ് | 180 |
| II | ശശികുമാർ,മാജിക് ഡിജിറ്റൽ സ്റ്റുഡിയോ | 300 |
| II | ബാലകൃഷ്ണൻ,കാഞ്ഞിരക്കൽ ട്രേഡേഴ്സ് | 600 |
| II | ശശികുമാർ, പി, കാഞ്ഞിരക്കൽ ജ്വല്ലറി | 1,000 |
| II | ഗിരീഷൻ, എം. വി, ആൽഫ ക്രിയേഷൻസ് | 300 |
| II | ജോർഫി മാത്യു, കവലവഴിക്കൽ എന്റർപ്രൈസസ് | 750 |
| II | അബ്ദുൾ റസാഖ്,വെജിറ്റബിൾ ഷോപ്പ് | 180 |
| II | പ്രകാശ്, ഡോക്യുമെന്റ് റൈറ്റർ | 750 |

| | | |
|---|---|---|
| II | സീമ, ആയുർവേദ മെഡിസിൻ | 300 |
| II | രാമചന്ദ്രൻ, ടൈലറിങ് ഷോപ്പ് | 120 |
| II | സതീശൻ,വെങ്ങാട്ട് ഹോം അപ്ലിയൻസ് | 1,250 |
| II | പ്രമോദ്, സ്റ്റേഷനറി | 300 |
| II | ആന്റണി,കൃപ സ്റ്റീൽ ഫർണിച്ചർ | 600 |
| II | വേണുഗോപാൽ, താരാ ട്രേഡേഴ്സ് | 1,000 |
| II | അബ്ദുൾ ഖാദർ,ഗൾഫ് ലാന്റ് ഇലക്ട്രിക്കൽസ് | 300 |
| II | രാജേഷ്,ഫൈൻ ഗ്ലാസ് ആർട്ട് | 120 |
| II | അജിത, ഹരിത ഗിരി ടെക്സ്റ്റൈൽസ് | 180 |
| II | മാസ്റ്റേഴ്സ് അക്കാഗമി, ടെമ്പിൾ റോഡ് | 1,000 |
| II | വേണുഗോപാലൻ, ഭാവന ലേഡീസ് ടൈലറിങ് | 180 |
| III | കുഞ്ഞിരാമൻ, ശ്രീകൃഷ്ണ ലോട്ടറി ഏജന്റ് | 120 |
| III | നൗഫൽ ,മൊബൈൽ വേൾഡ് | 300 |
| III | ജനാർദ്ധനൻ, വിനീത് ജ്വല്ലറി | 180 |
| III | വിനോദ് കുമാർ, KVK സ്റ്റോർ | 120 |
| III | മോഹനൻ, മെട്രോ സ്റ്റുഡിയോ | 300 |
| III | സൗദാമിനി,അമ്മൂസ് ബുക്ക്സ്&സ്റ്റേഷനറി | 300 |
| III | ദാമോദരൻ, DRJ ജ്വല്ലറി വർക്ക്സ് | 180 |

| | | |
|---|---|---|
| III | മുരളീദരൻ,Fins&Wins Pet Corner | 180 |
| III | പത്മനാഭൻ,ബേക്കറി യൂണിറ്റ് | 450 |
| III | മീരാഭായി, ചന്തു ടെക്സ്റ്റെയിൽസ്&ടൈലറിങ് | 180 |
| III | അബൂബക്കർ,രാജാ ടൂറിസ്റ്റ് ഹോം | 1,250 |
| III | ചന്ദ്രൻ, ന്യൂ ശിൽപ്പ അലുമിനിയം ഫാബ്രിക്കേഷൻ | 300 |
| IV | സുനിൽ കുമാർ,ഡോക്യുമെന്റ് റൈറ്റർ | 750 |
| IV | പ്രകാശൻ, CN ഫ്രൂട്ട്സ് | 300 |
| IV | ചന്ദ്രൻ നായർ, ദൃശ്യ ഇലക്ട്രോണിക്സ് | 300 |
| IV | രാഘവൻ ടി, സംഗമം വുഡ് വർക്സ് | 750 |
| IV | മുസ്താഖ്, അൽഅമീൻ ചിക്കൻ സെന്റർ | 600 |
| IV | അബ്ദുൾ ലത്തീഫ്, കല്ലായി സ്വീറ്റ്സ് | 300 |
| IV | അബ്ദുൾ ഖാദർ, ടീ സ്റ്റാൾ | 300 |
| IV | രവി, ആയുർവേദ മെഡിസിൻ | 750 |
| IV | ഗിരീശൻ,ഗുരു അഡ്വടൈസേഴ്സ് | 300 |
| IV | സുകേഷ് പാലായി, ദീപ ജ്വല്ലറി | 180 |
| IV | ചന്ദ്രാവതി, SS ടൈലറിങ് | 120 |
| IV | രാമലിംഗം,ടാക്സ് കൺസൽട്ടന്റ് | 750 |
| IV | രതീഷ്, കള്ളു ഷാപ്പ് | 600 |
| IV | വിനോദ് കുമാർ, പൂവിളി ക്രിയേഷൻസ് | 450 |

| | | |
|---|---|---|
| V | വേണുഗോപാലൻ ആചാരി, വി വി വുഡ് വർക്ക്സ് | 300 |
| V | അബ്ദുൾ ജലീൽ, മോഡേൺ ഫർണിച്ചർ വർക്സ് | 450 |
| V | രാജൻ,ശ്രീലക്ഷ്മി ഇന്റസ്ട്രീസ് | 300 |
| V | സുരേഷ് കെ, ഗ്രോസറി | 180 |
| V | സത്യൻ,ശിവ ലക്ഷ്മി സ്റ്റോർസ് | 180 |
| V | രതീഷ്, ഡോക്യുമെന്റ് റൈറ്റർ | 750 |
| V | കെ.വി. മോഹനൻ, ഡോക്യുമെന്റ് റൈറ്റർ | രേഖപ്പെടുത്തിയിട്ടില്ല |
| V | ബാലഗോപാലൻ, ഡോക്യുമെന്റ് റൈറ്റർ | 750 |
| V | രാജേന്ദ്രൻ,എല്ലോറ പ്രൊഡക്ഷൻ | 750 |
| VI | സുനിൽ കുമാർ,ഇലക്ട്രിക്കൽ ഷോപ്പ് | 300 |
| VII | സലാവുദ്ധീൻ,കൈരളി ഇന്റർലോക്ക് | 1,250 |
| VII | അനിൽ കുമാർ, കൈലാസ് ഏജൻസി | 450 |
| VII | ദയാ സാഗർ, കോകോ കളരി | 300 |
| VIII | മുഹമ്മദ് കുഞ്ഞി, LTM ടിമ്പർ ഇന്റസ്ട്രീസ് | 1,250 |
| VIII | മധു, ഗ്രോസറി ഷോപ്പ് | 180 |
| VIII | ബിനോയ്, വെൽഡിങ് ഷോപ്പ് | 450 |
| VIII | മിഥുൻ രാജ്, കാശിനാഥ് ടൂർസ്&ട്രാവൽസ് | 180 |
| IX | അജിത, പി, വനിതാ ടീ സ്റ്റാൾ | 120 |

| | | |
|---|---|---|
| X | പ്രമിജ രാജേഷ്,അക്ഷര ഡ്രൈവിങ് സ്കൂൾ | രേഖപ്പെടുത്തിയിട്ടില്ല |
| XI | കുഞ്ഞപ്പൻ, ടീ സ്റ്റാൾ | 120 |
| XI | പങ്കജാക്ഷൻ, സെന്റ് മേരീസ് മെഡിക്കൽ ഷോപ്പ് | 300 |
| XI | രവി കടവത്ത്,ആർ കെ ബിൽഡേഴ്സ് | രേഖപ്പെടുത്തിയിട്ടില്ല |
| XI | ഇബ്രാഹിം മുഹമ്മദ്,<br>ഫോർവീലേഴ്സ് വാഷിങ് സെന്റർ | രേഖപ്പെടുത്തിയിട്ടില്ല |
| XI | കൃഷ്ണൻ, ടി. വി, കൃഷ്ണ ഹോട്ടൽ | 300 |
| XI | ബൈജു ജോൺ, തനിമ ഹോട്ടൽ | 180 |
| XI | ഒ.വി. തങ്കം, മലബാർ ഫർണിച്ചർ | 600 |
| XI | അജയ്, ഹൈ നെറ്റ് ഡാറ്റാ & ഡിവൈസസ് | 300 |
| XI | അബ്ദുൾ സലാം,റേഷൻ മൊത്ത കച്ചവടം | 1,250 |
| XI | ഷിബു, പി, ഷൂക്ക് ബേക്കറി | 600 |
| XII | ബാലകൃഷ്ണൻ, ഗ്യാസ് വെൽഡിങ് | രേഖപ്പെടുത്തിയിട്ടില്ല |
| XII | സുരേഷശൻ, അമ്പാടി സൺസ് ഹോട്ടൽ | രേഖപ്പെടുത്തിയിട്ടില്ല |
| XII | പ്രഭാകരൻ, ഫ്ലോർ മിൽ | രേഖപ്പെടുത്തിയിട്ടില്ല |
| XII | ജോജോ അഗസ്റ്റിൻ, മലബാർ കൊപ്ര കലക്ഷൻ സെന്റർ | 300 |
| XII | ബൈജു, ബ്ലാക്ക് സ്മിത്ത് | 180 |
| XIII | പ്രദ്യോദനൻ,കിങ്സ് ഓട്ടോ മൊബൈൽസ് | 450 |

| | | |
|---|---|---|
| XIII | മോഹനൻ,വൈഷ്ണവി | 600 |
| XIV | അബൂബക്കർ, ബീഫ് സ്റ്റാൾ | 450 |
| XIV | സ്വാമിനാഥൻ,വെൽഡിങ് വർക്ക്സ് | രേഖപ്പെടുത്തിയിട്ടില്ല |
| XIV | അലവി, മർഹവ ഹെയർ കട്ടിങ് | 180 |
| XIV | അബ്ദുൾ റഷീദ്, ഗ്രോസറി | 450 |
| XIV | മുഹമ്മദ്, PPM ഡക്കറേഷൻ | 450 |
| XIV | അബ്ദുൾ റഷീദ്, ഫെർട്ടിലൈസർ ബിസിനസ് | 600 |
| XIV | ജയകുമാർ, ഇൻസ്പൈയർ വെൽഡിങ് കമ്പനി | രേഖപ്പെടുത്തിയിട്ടില്ല |
| XIV | അബ്ദുൾ ഖാദർ, വെൽഡിങ് യൂണിറ്റ് | 600 |
| XVI | കൃഷ്ണൻ, ഗ്രോസറി | 300 |
| XVI | അഹമ്മദ്,ഗ്രോസറി | 180 |
| XVI | മുഹമ്മദ് മൊയ്തു,നൂറബി സ്റ്റോർ | 300 |
| XVII | ഹരിദാസൻ, സായൂജ്യം സ്റ്റോർസ് | 180 |
| XVII | കരുണാകരൻ, ടൈലറിങ് | രേഖപ്പെടുത്തിയിട്ടില്ല |
| XVIII | യൂസഫ്, എൻ പി സ്റ്റോർ | 300 |
| XVIII | കരുണാകരൻ, അഭിരാം സ്റ്റോർസ് | 180 |
| XVIII | വിനോദ് കുമാർ,വിനോദ് സ്റ്റോർ | 300 |
| XVIII | ശശി, ഹോട്ടൽ ശ്രീ മുത്തപ്പൻ | 180 |

| | | |
|---|---|---|
| XVIII | കുഞ്ഞിക്കണ്ണൻ, ഇലക്ട്രിക്കൽ ഹാർഡ് വെയർ | 300 |
| XVIII | സത്യൻ, അഞ്ജിൽ ഫർണിച്ചർ | 300 |
| XVIII | അരുൺ കുമാർ, ബാർബർ ഷോപ്പ് | 300 |
| XVIII | രാജു, ഫർണിച്ചർ ഷോപ്പ് | രേഖപ്പെടുത്തിയിട്ടില്ല |
| XVIII | അമീർ കുഞ്ഞി, Nife ഓട്ടോ കൺസൽട്ടന്റ് | രേഖപ്പെടുത്തിയിട്ടില്ല |

സമയപരിധി കഴിഞ്ഞ് നികുതി അടവാക്കുന്നവരിൽ നിന്നും പിഴ പലിശ ഈടാക്കിയതായി റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നികുതി കുടിശ്ശികയുള്ള കച്ചവടക്കാരിൽ നിന്നും എത്രയും പെട്ടെന്ന് നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 06/ 20.02.2019)

## 2-7 തൊഴിൽ നികുതി പരിശോധന –പൊതു അപാകതകൾ

1. ആകെ അർദ്ധ വർഷ വരുമാനം കണക്കാക്കുമ്പോൾ തദ്ദേശ ബത്തയോ വീട്ടുവാടക അലവൻസോ വണ്ടിവാടകയോ യാത്രാചെലവോ ഉൾപ്പെടുന്നതല്ല എന്ന് 1994 ലെ കേരള നഗരപാലിക നിയമത്തിലെ വകുപ്പ് 245 ൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളോട് തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് മുനിസിപ്പാലിറ്റി അയക്കുന്ന ഡിമാന്റ് നോട്ടീസിൽ HRA ഉൾപ്പെടെയുള്ള തുക കൂടി ഉൾപ്പെടുത്തി അർദ്ധവർഷ വരുമാനം കണക്കാക്കാനാണ് ആവശ്യപ്പെടുന്നത്. ഭാവിയിൽ പത്രിക അയക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ വരുമാന വിവരം കണക്കാക്കി ഹാജരാക്കുന്ന പത്രികയിൽ യഥാർഥത്തിൽ ഉൾപ്പെടുത്തേണ്ടുന്നതായ ആർജാതാവധി സറണ്ടർ തുക,ബോണസ്,ഫെസ്റ്റിവൽ അലവൻസ്,ക്ഷാമബത്ത കുടിശ്ശിക,ശമ്പള പരിഷ്ക്കരണ/മറ്റു കുടിശ്ശികകൾ എന്നിവ ഉൾപ്പെടുത്തുന്നമില്ല. ഇക്കാരണത്താൽ മുനിസിപ്പൽ ഫണ്ടിന് നികുതി നഷ്ടം ഉണ്ടാകുന്നുണ്ട്. ആയതിനാൽ മുഴുവൻ വരുമാന വിവരങ്ങളും രേഖപ്പെടുത്താൻ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

2. തൊഴിൽ നികുതി ഡിമാന്റ് റജിസ്റ്റർ റജിസ്റ്റർ കാലികമാക്കേണ്ടതാണ്-

ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് റജിസ്റ്ററിൽ ജീവനക്കാരുടെ പേര് വിവരം രേഖപ്പെടുത്താതെ സ്ഥാപനങ്ങളുടെ പേരിനു നേരെ നികുതി അടവാക്കിയ രശീതി നമ്പർ മാത്രം രേഖപ്പെടുത്തുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്.ഇക്കാരണത്താൽ മുനിസിപ്പൽ പരിധിയിലെ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരും നികുതി അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താനോ മുൻവർഷങ്ങളിൽ അടവാക്കിയ നികുതി തുകയിൽ കുറവ് വന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും സാധിച്ചിട്ടില്ല. കൂടാതെ റജിസ്റ്ററിൽ വാർഡ് മാറി സ്ഥാപനങ്ങൾ

രേഖപ്പെടുത്തിയതായും ഒരേ സ്ഥാപനം രണ്ട് വാർഡിൽ ഉൾപ്പെടുത്തിയതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അപാകതകൾ പരിഹരിച്ച് റജിസ്റ്റർ കാലികമാക്കേണ്ടതാണ്.

3. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല:

തൊഴിൽ നികുതി കുടിശ്ശിക വിവരം പരിശോധിക്കാനായി റജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. തൻവർഷത്തെ നികുതി അടവാക്കുന്ന വേളയിൽ മുൻവർഷത്തെ കുടിശ്ശിക നിലവിലുണ്ടെങ്കിൽ ആയത് കൂടി ഈടാക്കി മുൻവർഷത്തെ റജിസ്റ്ററിൽ എഴുതിച്ചേർക്കുന്ന രീതിയാണ് സ്വീകരിച്ച് പോരുന്നത്. ഇത് ശരിയായ രീതിയല്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാതിരുന്നാൽ പിരിച്ചെടുക്കാത്ത കുടിശ്ശിക മൂന്ന് വർഷം കഴിഞ്ഞാൽ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാത്ത വിധം കാലഹരണപ്പെട്ടു പോകും. ആയതിനാൽ സാമ്പത്തിക വർഷം കഴിയുന്ന മുറയ്ക്ക് തന്നെ നികുതി അടവാക്കാൻ അവശേഷിക്കുന്ന ജീവനക്കാരുടേയും കച്ചവടക്കാരുടേയും പേര് വിവരം കുടിശ്ശിക ഡിമാന്റ് റജിസ്റ്ററിലേക്ക് എഴുതിച്ചേർത്ത് പിഴപ്പലിശ സഹിതം നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ശാരീരിക വൈകല്യം ഉള്ളവർക്ക് തൊഴിൽ നികുതി ഇളവ് നൽകുമ്പോൾ ആയത് സാധൂകരിക്കുന്ന സർട്ടിഫിക്കറ്റുകൾ തൊഴിൽനികുതി പത്രികകളുടെ കൂടെ ചേർത്തുവയ്ക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

a. ശോഭന, ടി. വി, ഹൗസ് കീപ്പർ , യൂണിയൻ ബാങ്ക്

b. ലേഖ, എം. വി, ജൂനിയർ അക്കൗണ്ടന്റ്, സബ് ട്രഷറി നീലേശ്വരം

c. എം. ചന്ദ്രശേഖരൻ, ക്ലർക്ക്, കൃഷി ഭവൻ നീലേശ്വരം

d. മുഹമ്മദലി, ഓഫീസ് അറ്റന്റന്റ്, സബ് റജിസ്ട്രാർ ഓഫീസ് നീലേശ്വരം

ഭാവിയിൽ ഇത്തരം ഇളവുകൾ നൽകുമ്പോൾ മതിയായ രേഖകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## **2-8** <u>വാടക കെട്ടിട പരിശോധന – അപാകതകൾ</u>

1. മുൻ വർഷ റിപ്പോർട്ടിൽ (2016-17) പരാമർശിച്ച ഷോപ്പിങ് കോംപ്ലക്സ് നിയമാവലി തയ്യാറാക്കൽ, വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ എന്നീ വിഷയങ്ങളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. വാടകയ്ക്കാരുമായി ചമച്ച കരാറിൽ മാസവാടക എല്ലാമാസവും പത്താം തീയ്യതി നൽകേണ്ടതാണെന്ന് പറയുന്നുണ്ട്. എന്നാൽ മാസ വാടക വൈകി അടവാക്കുന്നവരിൽ നിന്നും പിഴപ്പലിശ്ശ ഈടാക്കേണ്ടതിനെക്കുറിച്ച് കരാറിൽ പരാമർശിച്ചിട്ടില്ല.

3. 2016-17 ലെ തുക തന്നെയാണ് 2017-18 വർഷത്തിലും വാടകയിനത്തിൽ അടവാക്കിയിട്ടുള്ളത്. വാടകയിനത്തിൽ വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല.

4. 2016-17 വർഷത്തിൽ വാടകയ്ക്ക് നൽകിയ താഴെക്കൊടുത്തിരിക്കുന്ന മുറിയിൽ നിന്നും 2017-18 വർഷത്തിൽ യാതൊരു തുകയും വരവ് വന്നിട്ടില്ല.

| കെട്ടിട നം. | 2016-17 വർഷത്തിൽ വാടകയ്ക്ക് മുറി ഏറ്റെടുത്ത വ്യക്തി | മാസവാടക |
|---|---|---|
| III/389 | നരേഷ് പൈ,S/o. അപ്പാരയ്യ പൈ,നീലേശ്വരം | 520 |

5. കുടിശ്ശിക വരുത്തിയവരുടെ വിവരങ്ങൾ ലഭ്യമല്ല:

വാടക കുടിശ്ശിക വിവരം പരിശോധിക്കാനായി റജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2017-18 വർഷത്തിൽ 1,06,296/- രൂപ വാടകയിനത്തിൽ കുടിശ്ശികയുണ്ട്. എന്നാൽ 2017-18വർഷത്തെ വാടക വിവര സംക്ഷിപ്തം റജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വച്ചിട്ടില്ല. തൻവർഷത്തെ വാടക അടവാക്കുന്ന വേളയിൽ മുൻവർഷത്തെ കുടിശ്ശിക നിലവിലുണ്ടെങ്കിൽ ആയത് കൂടി ഈടാക്കി മുൻവർഷത്തെ റജിസ്റ്ററിൽ എഴുതിച്ചേർക്കുന്ന രീതിയാണ് നിലവിൽ സ്വീകരിച്ച് പോരുന്നത്. ഇത് ശരിയായ രീതിയല്ല. സാമ്പത്തിക വർഷം കഴിയുന്ന മുറയ്ക്ക് തന്നെ വാടകകുടിശ്ശിക വരുത്തിയവരുടെ പേര് വിവരം കുടിശ്ശിക ഡിമാന്റ് റജിസ്റ്ററിലേക്ക് എഴുതിച്ചേർത്ത് പിഴപ്പലിശ സഹിതം വാടക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 16/ 25.02.2019)

## 2-9 ചട്ടവിരുദ്ധമായി കെട്ടിട നമ്പർ അനുവദിക്കുന്നതിലൂടെ വസ്തു നികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നു.

ഓഡിറ്റ് വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ വസ്തു നികുതി നിർണ്ണയത്തിൽ പല അപാകതകളും കാണുകയുണ്ടായി. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം.2(എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്. എന്നാൽ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കുന്നുള്ളൂ. കൂടാതെ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ (15.03.2013 ന് സ.ഉ.(അ) നം.100/2013 ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചു.) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമിതിക്ക് ഇറ്റാലിയൻ മാർബിളോ ഗ്രാനൈറ്റോ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻ മേൽ വരുത്തേണ്ട15% വർദ്ധനയും വരുത്താൻ സാധിക്കുന്നില്ല. നഗരസഭയിൽ 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിനു 80/-രൂപ

നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ താഴെ വിവരിക്കുന്ന കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

1)ഉടമസ്ഥന്റെപേര്--പ്രസിഡന്റ്, അതിഞ്ഞാൽ ജമാ-അത്ത് കമ്മിറ്റി, മാണിക്കോത്ത്.

കെട്ടിട നം- NMC XXXII- 876 A to NMC XXXII- 876 X

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ/ | കംപ്ലീഷൻ തീയ്യതി/ അസസ്സ്മെന്റ് തീയ്യതി |
|---|---|---|
| GF | 436.50m2 | 19.11.2017 |
| FF | 521.05m2 | |
| | 17.76m2 | |
| ആകെ | 975.31m2 | |

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| G.F-436.50m2 | 308.04x60= 18,482 | 20%= 3,696 | -- | 34,510 | 436.50x 80= 34,920 | 20%= 6,984 | -- | 41,904 | 7,394 |
| | 128.46x80= 10,277 | 20%= 2,055 | | | | | | | |
| FF-538.81m2 | 538.81x60= 32,329 | 20%= 6,466 | 5% =1940 | 36,855 | 538.81x 80 = 43,105 | 20%= 8,621 | 5%= 2,586 | 49140 | 12,285 |
| ആകെ | | | | | | | | | 19,679 |

01.10.2017 -മുതലാണ് വസ്തുനികുതി അസ്സസ്മെന്റ് ചെയ്തിട്ടുള്ളത്, ആയത്കൊണ്ട് രണ്ടാം അർദ്ധവർഷം മുതലാണ് വസ്തുനികുതി അടക്കേണ്ടത്. വസ്തു നികുതിയിനത്തിൽ 2017-18 വർഷം കുറവു വന്ന 9,839.50രൂപ (19,679/2) ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്.

2)ഉടമസ്ഥന്റെപേര്--കല്ലായി കമറുന്നീസ

കെട്ടിട നം- NMC XXXII- 1375 A1 to NMC XXXII- 1375 A5

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ/ | കംപ്ലീഷൻ തീയ്യതി/ അസസ്സ്മെന്റ് തീയ്യതി |
|---|---|---|
| GF | 59.74m2 | കംപ്ലീഷൻ- 10.06.2017 |
| FF | 59.74m2 | Under construction |
| ആകെ | 119.48m2 | |

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്നനികുതി നിരക്ക് | | | | കുറവ് വന്നതുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| G.F-59.74m2 | 59.74x60 =3,584 | 20%= 717 | -- | 4,301 | 59.74x80 =4,779 | 20%= 956 | -- | 5,735 | 1,434 |
| ആകെ | | | | | | | | | 1,434 |

2017-18 ഒന്നാം അർദ്ധവർഷം മുതലാണ് വസ്തുനികുതി അസ്സസ്സ്മെന്റ് ചെയ്തിട്ടുള്ളത്. വസ്തു നികുതിയിനത്തിൽ 2017-18 വർഷം കുറവു വന്ന 1,434രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്

3)ഉടമസ്ഥന്റെപേര്--ടി.അബ്ദുൾ റഹീം

കെട്ടിട നം- NMC XXXII- 942 A1 to NMC XXXII- 942 A5

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ/ | കംപ്ലീഷൻ തീയ്യതി/ അസസ്സ്മെന്റ് തീയ്യതി |
|---|---|---|
| GF (including stair cabin). വാണിജ്യ കെട്ടിട ഭാഗം മാത്രം. | 172.77m2 | കംപ്ലീഷൻ- 04.04.2017 |
| ആകെ | 172.77m2 | |

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| G.F-172.77m2 | 172.77x60 =10,366 | 20%= 2,073 | -- | 12,439 | 172.77x80 =13,822 | 20%= 2,764 | -- | 16,586 | 4,147 |

| | |
|---|---|
| ആകെ | 4,147 |

2017-18 ഒന്നാം അർദ്ധവർഷം മുതലാണ് വസ്തുനികുതി അസ്സസ്സ്മെന്റ് ചെയ്തിട്ടുള്ളത്. വസ്തു നികുതിയിനത്തിൽ 2017-18 വർഷം കുറവു വന്ന 4,147രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം 11/21.02.2019).

## **2-10** വസ്തു നികുതി വരവ് പരിശോധന - അപാകതകൾ

2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുതിയ നിരക്ക് പ്രാബല്യത്തിൽ വരുന്നത് 14.01.2011 നാണ്. എന്നാൽ വസ്തു നികുതി പരിഷ്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നത് വരെ നിലവിലുള്ള നിരക്കിൽ നികുതി ഈടാക്കേണ്ടതും നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് പഴയനിരക്കിൽ ഈടാക്കിയതിലെ അപാകം (കൂടുതൽ /കുറവ്) പിന്നീട് ഒടുക്കേണ്ട നികുതിയിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.എന്നാൽ 15.03.2013 ന് സ.ഉ.(അ) നം.100/2013 ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചു. ടി ഭേദഗതി ചട്ടങ്ങൾക്ക് 2013 ഏപ്രിൽ 1 മുതലാണ് പ്രാബല്യം നൽകിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 02.12.2013 ലെ സ.ഉ.(എം.എസ്.) നം.371/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലുമാണ് ഈ ചട്ടം ബാധകമാക്കിയിരിക്കുന്നത്. ടി ഉത്തരവിൽ വസ്തു നികുതി നിർണയത്തിനായി ഇൻഫോർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള കംപ്യൂട്ടർ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വസ്തു നിർണയം നടത്താവുന്നതും നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ഗുണമേൻമയുള്ള കടലാസിൽ അതിന്റെ പ്രിന്റ് ഔട്ട് എടുത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ അവ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററായി നഗരസഭക്ക് സൂക്ഷിക്കാവുന്നതാണ്. എന്നാൽ ഇവിടെ 14.01.2011 മുതൽ 30.04.2012 വരെ അസസ്സ്മെന്റ് ചെയ്ത കെട്ടിടങ്ങളിൽ നിന്നും 01.04.2013- മുതൽക്കേ പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നുള്ളൂ, ഈ നടപടി ശരിയല്ല. ചട്ടം വന്നതിനു ശേഷം അസസ്സ്മെന്റ് ചെയ്ത പുതിയ നികുതി ദായകർക്ക് 14.01.2011-മുതൽക്കു തന്നെ വസ്തു നികുതി പരിഷ്കരണം നടത്തേണ്ടതായിരുന്നു. ആയത് നടത്തിയിട്ടില്ല. ഇക്കാരണത്താൽ 14.01.2011 മുതൽ 30.04.2012 വരെ അസസ്സ്മെന്റ് ചെയ്ത കെട്ടിടയുടമകളിൽ നിന്നും ഈ കാലയളവിലെ വസ്തു നികുതി വർദ്ധന നഷ്ടപ്പെട്ടിരിക്കുകയാണ്. ആയതിന് വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 5/16.02.2019).

വസ്തു നികുതി- മറ്റ് അപാകതകൾ .

വസ്തു നികുതി ഡിമാന്റ് റജിസ്റ്റർ, അരിയർ ഡിമാന്റ് റജിസ്റ്റർ എന്നിവ തയ്യാറാക്കി പരിശോധനയ്ക്കായി നൽകിയിട്ടില്ല. വസ്തു നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് എന്നിവ കണക്കാക്കുന്നതിന് യാതൊരു രേഖകളും നഗരസഭ സൂക്ഷിയ്ക്കുന്നില്ല. ഈ അപാകത മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിട്ടുണ്ടങ്കിലും നടപടി ഉണ്ടായിട്ടില്ല. സാംഖ്യ അക്കൌണ്ട് പ്രകാരം കളക്ഷൻ രേഖപ്പെടുത്തുകയും കൃത്യതയില്ലാതെ തൻവർഷ ഡിമാന്റ് അക്കൌണ്ടിൽ രേഖപ്പെടുത്തുന്നതും കാരണം ധനകാര്യ പത്രികയിലെ തൻവർഷ വരവിനും കുടിശ്ശിക ഡിമാന്റ് തുകകൾക്കും യാതൊരു അടിസ്ഥാനവുമില്ല. ഇക്കാരണത്താൽ നഗരസഭയ്ക്ക് ലഭിക്കേണ്ട എല്ലാ നികുതി വരുമാനവും

ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുതിനോ നഷ്ടം തിട്ടപ്പെടുത്തുന്നതിനോ കഴിയുന്നില്ല.

ബി.എസ്.എൻ.എൽ. കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി

ഇൻഡ്യൻ ഭരണഘടനയുടെ അനുഛേദം 285(1) പ്രകാരം ഭാരത സർക്കാർ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ 2000 ഒക്ടോബർ മാസം കമ്പിനിയായി പ്രവർത്തനം ആരംഭിച്ച ബി.എസ്.എൻ.എൽ കെട്ടിടങ്ങൾക്ക് ഈ ഇളവ് ബാധകമല്ലെന്ന് 09.12.2004-ലെ 43657/B4/04/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭാ പരിധിക്കുള്ളിൽ സ്ഥിതിചെയ്യുന്ന ബി.എസ്.എൻ.എൽ കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നില്ല. ബി.എസ്.എൻ.എൽ. കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതിനാൽ ടി കെട്ടിടങ്ങളുടെ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളചെലവും പെൻഷൻ അംശദാനവും സംസ്ഥാന ഫണ്ടിലേക്ക് അടയ്ക്കുന്നില്ല.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിയുടെ ശമ്പളം, അലവൻസുകൾ, അവധിക്കാല ശമ്പളം എന്നിവയും പെൻഷനും ഉള്ള അംശദായങ്ങൾ മുനിസിപ്പാലിറ്റി സംസ്ഥാന ഫണ്ടിലേക്ക് മാസംതോറും അടയ്ക്കേണ്ടതാണ്. എന്നാൽ നീലേശ്വരം നഗരസഭ 2017-2018 വർഷത്തിൽ ഈ ഇനത്തിൽ സംസ്ഥാന ഫണ്ടിലേക്ക് തുകയൊന്നും അടച്ചിട്ടില്ല. സെക്രട്ടറിയുടെ ശമ്പളവും മറ്റ് അനുബന്ധ ആനുകല്യങ്ങൾക്കും പെൻഷനും ഉള്ള അംശദായങ്ങൾ മുനിസിപ്പാലിറ്റി സംസ്ഥാന ഫണ്ടിലേക്ക് അടക്കാത്തതിനുള്ള കാരണം വിശദമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം. 17 തീയതി 25.02.2018 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സെക്രട്ടറിയുടെ ശമ്പളവും പെൻഷനും ഉള്ള അംശദായങ്ങൾ സംസ്ഥാന ഫണ്ടിലേക്ക് അടക്കേണ്ടതാണ്.

### 3-2 സർവ്വീസ് ടാക്സ് -ഫൈൻ ഒടുക്കിയത് നഗരസഭയ്ക്ക് അധികച്ചെലവ് ₹1,40,000/-

2013-14 മുതൽ 2016-17 വരെയുള്ള കാലയളവുകളിൽ സർവ്വീസ്സ് ടാക്സ് റിട്ടേൺ യഥാസമയം ഫയൽ ചെയ്യാത്തതിനുള്ള പിഴ ഇനത്തിൽ 140000/ രൂപ വൗച്ചർ നം.52/19-03-2018 പ്രകാരം ജി.എസ്.ടി. സെൻട്രൽ ടാക്സ് സൂപ്രണ്ടിന്റെ 13-11-2017 ലെ OC.No.637/17 നമ്പർ

കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പിലേയ്ക്ക് ഒടുക്കേണ്ടി വന്നിട്ടുണ്ട്. ഈ വിഷയം കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലമാണ് നഗരസഭയ്ക്ക് ഇത്തരത്തിൽ പിഴ ഒടുക്കേണ്ടിവന്നത്. യഥാസമയം റിട്ടേൺ ഫയൽ ചെയ്തിരുന്നെങ്കിൽ പിഴ ഓടുക്കേണ്ട സാഹചര്യം ഒഴിവാക്കാമായിരുന്നു. ഇക്കാര്യം പരിശോധിച്ച് പിഴയിനത്തിൽ ഒടുക്കിയ 1,40,000/- രൂപ മേൽ കാലയളവിൽ ഈ വിഷയം കൈകാര്യം ചെയ്തിരുന്ന സെക്ഷൻ, മേൽനോട്ട ചുമതലയുണ്ടായിരുന്ന സൂപ്രണ്ട്, സെക്രട്ടറിമാർ എന്നിവരിൽ നിന്നും ആനുപാതികമായി ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. തുക ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കി വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 1,40,000/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ജീവനക്കാർക്കും ജനപ്രതിനിധികൾക്കും കിലയിൽ പരിശീലനം- മുൻകൂർ നല്കിയ തുക ₹50,000/- നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

സകർമ്മ സോഫ്റ്റ് വെയർ സംബന്ധിച്ച് നഗരസഭയിലെ മുഴുവൻ ജീവനക്കർക്കും ജനപ്രതിനിധികൾക്കും 09-9-2017, 10-09-2017 എന്നീ തയതികളിൽ തൃശ്ശൂർ കിലയിൽ വെച്ച് നടന്ന പരിശീലനത്തിന് പോകുന്നതനുള്ള ചെലവിനായി മുൻകൂർ ഇനത്തിൽ 50,000 രൂപ (Vr.No.22/08-09-2017) ശ്രീ.പ്രമോദ്.കെ, സീനിയർ ക്ലാർക്കിന് നല്കയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത തുക ക്രമീകരിച്ചിട്ടില്ല. അതുപോലെ പരിശീലനത്തിന് എത്രപേർ പങ്കെടുത്തു എന്നതിന്റെ വിവരവും, ജീവനക്കാരും ജനപ്രതിനിധികളും ഇതുമായി ബന്ധപ്പെട്ട് യാത്രാ ബത്ത വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, തുക പിൻവലിച്ചതിന് കൗൺസിൽ അംഗീകാരം ലഭിച്ചതിന്റെ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി.നം.13 തി.22-02-2019 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. മുൻകൂർ തുക എത്രയും വേഗം ക്രമീകരിച്ച് ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ മേൽപ്രകാരം നടത്തിയ 50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 തെരുവ് വിളക്ക് പരിപാലനം

നഗരസഭയിൽ തെരുവ് വിളക്ക് പരിപാലന പ്രവർത്തനങ്ങൾ എ.എം.സി. മുഖേനയാണ് 2017-18 വർഷം നിർവ്വഹിച്ചത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖകളുടെയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

1).തെരുവ് വിളക്ക് എ.എം.സി. സംബന്ധിച്ച സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശത്തിൽ കെ.എസ്.ഇ.ബി.യുമായി സംയുക്തപരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.പ്രസ്തുത നിർദ്ദേശം നാളിതുവരെ പാലിച്ചിട്ടില്ല.

2) ഓരോ വാർഡിലേയും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ (പോസ്റ്റ് നമ്പർ, ഇനം, എണ്ണം .....) ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളിൽ കൃത്യത

വരുത്തി പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3) എ.എം.സി.യുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. പരാതി നല്കുമ്പോൾ പോസ്റ്റ് നമ്പർ സഹിതമുള്ള വിവരങ്ങൾ നല്കുന്നില്ല. അതുപോലെ പരാതി പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പൂർണ്ണമല്ല. പരാതി പരിഹരിച്ചുവെന്ന് മാത്രമാണ് രേഖപ്പെടുത്തുന്നത്. പരാതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-5 ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-കരാറുകാരന് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിക്കേണ്ടതിനുപകരം കൂടിയ നിരക്കിൽ തുക നൽകി-അധികം നൽകിയ തുക നിരാകരിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | | |
|---|---|---|
| പ്രൊജക്ട് നം. | എസ്.ഒ 72 (ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ) | |
| എസ്റ്റിമേറ്റ് | 11,25,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |
| സാങ്കേതികാനുമതി | 11,25,000/- Ts No ELD 113/16-17 dated 21.12.2016, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ, കോഴിക്കോട്. | |
| എം. ബുക്ക് നം. | 102/16-17 | |
| ആകെ അളവ് മൂല്യം | ₹ 9,01,313/- | |
| കരാറുകരാൻ | പ്രദീപ് കുമാർ,വി.കെ. | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | |
| കരാറുകാരന് നൽകിയ തുക | ₹ 8,36,170/- | ട്രഷറി ബിൽ നം. 310002 തീ. 07.08.2017 (ബിൽ തുക ₹ 8,90,249/-). |

നഗരസഭയിലെ തോട്ടം ജംക്ഷൻ, കാര്യക്കോട്, പാലാത്തടം യൂണിവേഴ്സിറ്റി കാംപസ്, തളിയിൽ അമ്പലത്തിന് മുൻവശം, ചിറപ്പുറം എന്നിവിടങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 11,25,000/-രൂപ അടങ്കലുള്ള എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ തയ്യാറാക്കി നഗരസഭയ്ക്ക് നല്കിയിട്ടുണ്ട്. പദ്ധതിയുടെ നിർവഹണത്തിനായി നഗരസഭ 10.01.2017ന് ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ചുവടെ പറയുന്ന രണ്ട് കരാറുകർ ബിഡ്ഡ് സമർപ്പിച്ചു.

| ക്രമ നം. | കരാറുകരന്റെ പേര് | ക്വോട്ട് ചെയ്ത തുക |
|---|---|---|
| 1 | കല്ലൂർ ഇലക്ട്രോണിക്സ് ആന്റ് ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 10,99,432.00 |

| | | |
|---|---|---|
| 2 | പ്രദീപ് കുമാർ,വി.കെ. | 11,21,639.83 |

ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കല്ലൂർ ഇലക്ട്രോണിക്സ് ആന്റ് ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നൽകിയ ടെണ്ടർ പി.ഡബ്ല്യൂ.ഡി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ഭരണസമിതി (തീരുമാനം നമ്പർ 9,തീയതി 10.03.2017) നിരസിക്കുകയുണ്ടായി. തുടർന്ന്, രണ്ടാമത്തെ കരാറുകാരൻ ക്വോട്ട് ചെയ്ത തുക PAC തുകയേക്കാൾ കൂടിയതിനാൽ അദ്ദേഹവുമായി 'നെഗോഷിയേറ്റ് ചെയ്തതിന്റെയടി സ്ഥാനത്തിൽ എസ്റ്റിമേറ്റ് PAC തുകയ്ക്ക് പ്രവൃത്തി ചെയ്യാമെന്ന് സമ്മതിക്കുകയുണ്ടായി. ആയതിന്റെയടിസ്ഥാനത്തിൽ 20.03.2017 ലെ ഇ1/8624/16 കത്ത് പ്രകാരം ശ്രീ. പ്രദീപ് കുമാർ,വി.കെ-യ്ക്ക് വർക്ക് ഓർഡർ നൽകി.

ഈ പ്രവൃത്തിയുടെ ആകെ അളവ് മൂല്യം 9,01,313/-രൂപയാണ്. നികുതുകളും (54,079/-രൂപ) പ്രവൃത്തി പൂർത്തിയാക്കുന്നതിലുള്ള കാലതാമസത്തിനുള്ള പിഴയും (11,064/-രൂപ) കുറവ് ചെയ്ത് 8,36,170/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

ഈ പ്രവൃത്തി എസ്റ്റിമേറ്റ് PAC തുകയ്ക്ക് ചെയ്യാമെന്ന് കരാറുകാരൻ സമ്മതിച്ചതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കാണ് ഓരോ ഇനം പ്രവൃത്തിക്കും അനുവദിക്കേണ്ടത്. എന്നാൽ അന്തിമ ബില്ല് പ്രകാരം പ്രവൃത്തിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും ഇനം പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിൽ തുക അനുവദിക്കേണ്ടതിനുപകരം കരാറുകാരൻ സമർപ്പിച്ച ടെണ്ടറിൽ ക്വോട്ട് ചെയ്ത കൂടിയ തുക അനുവദിക്കുകയാണുണ്ടായത്. ഇതുമൂലം 17,155/-രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട് ആയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഒന്നാമത്തെയും രണ്ടാമത്തെയും ഇനം പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കും വിധമാണ്.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 1 | Supply 12m high mast system with accessories | 1 Nos | 2,83,913.00 | 2,83,913.00 |
| 2 | Supply and installation, testing and commissioning<br>of 2x60W flood light with all acessories | 6 Nos | 28,042.00 | 1,68,252.00 |

പ്രവൃത്തിയുടെ അളവ് പുസ്തകം (നം. 102/16-17) പ്രകാരം ഒന്നാമത്തെയും രണ്ടാമത്തെയും ഇനം പ്രവൃത്തി ചെയ്തതിന് കരാറുകാരന് ചുവടെ ചേർക്കും വിധം 4,14,696/-രൂപ അനുവദിച്ചിട്ടുണ്ട്.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | നിരക്ക് | തുക | അളവ് പുസ്തകം പേജ് നം. |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | Supply 12m high mast system with accessories | 1 Nos | 2,97,000 | 2,97,000 | 3 |
| 2 | Supply and installation, testing and commissioning of 2x60W flood light with all accessories | 6 Nos | 28,720 | 1,72,320<br>(-) 54,624**<br>രണ്ടാമത്തെ ഇനത്തിന് നല്കിയ തുക =1,17,696 | 3 |

**അളവ് പുസ്തകം പേജ് നമ്പർ 3-ൽ രേഖപെടുത്തിയ കുറിപ്പ് പ്രകാരം ബജാജ് മോഡൽ BARFEG 120W LED ആയതിനാൽ ഓരോന്നിനും 9,104/-രൂപ കുറവ് ചെയ്തിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും ഇനംചെയ്തതിന് കരാറുകാരന് യഥാർത്ഥത്തിൽ ചുവടെ പറയും പ്രകാരം 3,97,541/-രൂപയാണ് അനുവദിക്കേണ്ടത്.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 1 | Supply 12m high mast system with accessories | 1 Nos | 2,83,913 | 2,83,913 |
| 2 | Supply and installation, testing and commissioning of 2x60W flood light with all accessories | 6 Nos | 28,042 | 1,68,252<br>(-) 54,624**<br>(രണ്ടാമത്തെ ഇനത്തിന് നൽകേണ്ട തുക)1,13,628 |

** ബജാജ് മോഡൽ BARFEG 120W LED ആയതിനാൽ ഓരോന്നിനും 9,104/-രൂപ വീതം കുറവ് വരുത്തി.

പ്രവൃത്തിയ്ക്കായ് അധികം ചെലവഴിച്ച 17,155/-രൂപ (₹ 4,14,696 - ₹3,97,541) അന്തിമ ബില്ല് തയ്യാറാക്കിയ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സെക്ഷൻ കാസറഗോഡിലെ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ആയത് സൂക്ഷമപരിശോധന നടത്തിയ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സബ് ഡിവിഷൻ കാസറഗോഡിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. (പ്രവൃത്തിക്കായി ₹ 17,155/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ്

ഓഡിറ്റ് എൻക്വയറി നം.10 തീ: 11.02.2019 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-6 ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നഗരസഭാ സെക്രട്ടറി 2017-18 വർഷം ചുവടെ ചേർത്തയിനങ്ങളിലായി നടത്തിയ ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചുവടെ പട്ടികയിൽ ചേർത്ത 5,37,022രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് റിക്വിസിഷൻ നം.4.തിയതി.26-02-2019)

| ക്രമ നം. | ട്രഷറി ബിൽ നം. &തിയതി | തുക | ചെലവ് വിശദാംശം |
|---|---|---|---|
| 1 | 04008 59426 /23-01-2018 | 1,82,319 | സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരം പിൻവലിച്ചത് ചെലവിനം വ്യക്തമല്ല. |
| 2 | vr.No.25&26/04-07-2017 | 3,20,000 | മഴക്കാല പൂർവ്വ ശുചീകരണം ജെ.എച്ച്.ഐ.മാർക്ക് നല്കിയത്.ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല |
| 3 | vr.No.32/07-11-2017 | 27,903 | സ്വാതന്ത്ര്യ ദിനാഘോഷം ചെലവ് രാജൻ,ടി.വി, ജെ.എച്ച്.ഐ.ക്ക് നല്കിയത് |
| 4 | vr.No.40/13-11-2017 | 6,800 | kl-14F-6530 – വാഹനത്തിന് ബാറ്ററി വാങ്ങിയത് |
| | | 5,37,022 | |

## 3-7 ചെലവ് വൗച്ചറുകളോടൊപ്പം തുക കൈപ്പറ്റ് രേഖകൾ സൂക്ഷിക്കുന്നില്ല -ചെലവ് രേഖകൾ അപൂർണ്ണം

എ)നഗരസഭാ സെക്രട്ടറി നടത്തിയ ചെലവുകളുമായി ബന്ധപ്പെട്ട (തനത് ഫണ്ട്) വൗച്ചറുകളുടെ സൂക്ഷിപ്പിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വേണ്ടത്ര ശ്രദ്ധ പുലർത്താത്തതായി കാണുകയുണ്ടായി. ഭൂരിഭാഗം ചെലവ് വൗച്ചറുകളോടൊപ്പവും കൈപ്പറ്റ് രസീതികൾ സൂക്ഷിച്ചിട്ടില്ല. ചെലവ് വൗച്ചറുകളോടൊപ്പം കൈപ്പറ്റ് രസീതി സൂക്ഷിക്കാത്തതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ.നം.&തിയതി | തുക | ചെലവ് വിശദാംശം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 30/08-09-2017 | 50,000/- | നഗരസഭാഘോഷം -വിഹിതം നല്കിയത് |
| 2 | 27/11-10-2017 | 9,000/- | ചെയർമാൻസ് ചേമ്പർ വിഹിതം നല്കിയത് |
| 3 | 30/11-10-2017 | 10,000/- | കണ്ണൻ പട്ടാളി സ്മാരക ട്രസ്റ്റിന് അനുവദിച്ചത് |
| 4 | 41/15-11-2017 | 35,000/- | വക്കീൽ ഫീസ് അഡ്വ.സുരേഷ് കുമാറിന് നല്കിയത് |
| 5 | 42/15-11-2017 | 18,140 | നീലേശ്വരം നഗരസഭ ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചതിന് ഗവ.പ്രസ്സിന് നൽകിയത് |
| 6 | 50/06-01-2018 | 8,140/ | ഡാറ്റാ ബാങ്ക് -കണ്ണൂർ ഗവ.പ്രസ്സിന് നല്കയത് |
| 7 | 50&51/10-02-2018 | 30,000/- | വക്കീൽ ഫീസ് അഡ്വ.എം.ശശിധരന് നല്കിയത് |
| 8 | 54/10-02-2018 | 12,500/- | ചെയർമാൻസ് ചേമ്പർ ഡയറിയ്ക്കായി നല്കിയത് |
| 9 | 62/21-03-2018 | 3,90,870/ | 2016-17ലൈബ്രറി സെസ്സ് ഒടുക്കിയത് |

വിവിധയിനങ്ങളിലായുള്ള ചെലവ് തുകകൾ ബാങ്ക് അക്കൗണ്ടുകൾ മുഖേന കൈമാറിയാലും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും കൈപ്പറ്റ് രസീതികൾ അയച്ച് തരാറുണ്ട്. ഇവ ബന്ധപ്പെട്ട വൗച്ചറുകളിൽ യഥാസമയം ഫയൽ ചെയ്ത് സൂക്ഷിക്കുവാൻ നഗരസഭയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശ്രമിച്ചു കാണുന്നില്ല. ഇക്കാര്യത്തിൽ നഗരസഭാ സെക്രട്ടറി, സൂപ്പർവൈസിങ്ങ് ഓഫീസർമാർ എന്നിവർ വേണ്ടത്ര ജാഗ്രത പുലർത്തേണ്ടതാണ്. മേൽ ക്രമ നമ്പർ 6,7 എന്നിവ പ്രകാരമുള്ള തുകകൾ ചലാൻ മുഖേനയാണ് ഒടുക്കിയിട്ടുള്ളതെങ്കിൽ ബന്ധപ്പെട്ട ചലാൻ രസീതികൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ പരാമർശിച്ച തുകകൾ കൈപ്പറ്റിയത് സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുമുള്ള കൈപ്പറ്റ് രസീതികൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ബി) ചുവടെ ചേർത്ത ചെലവ് വൗച്ചറുകളോടൊപ്പം ചെലവ് സാധൂകരിക്കുന്ന രേഖകൾ

ഭാഗികമായി മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ. ബന്ധപ്പെട്ട മുഴുവൻ ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ.നം. &തിയതി | തുക | ചെലവ് വിശദാംശം |
|---|---|---|---|
| 1 | vr.നം.65/ 28-03-2018 | 9,000/- | VGM അങ്കണവാടിക്ക് ഫിൽട്ടർ പോയിന്റ് സ്ഥാപിക്കുന്നതിന് ബീന മഹേഷിന് നല്കിയത്. കണ്ടിജന്റ് ബിൽ അല്ലാതെ മറ്റ് ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 2 | vr.നം.59/ 06-01-2018 | 18,120/ | കോട്ടപ്പുറം സ്കൂളിന് സമീപമുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് നല്കിയത്. കണ്ടിജന്റ് ബിൽ അല്ലാതെ മറ്റ് ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 3 | vr.നം.48/ 15-03-2018 | 35,673/ | പി.എം.എ.വൈ.ഡി.പി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി പ്രമോദ് കുമാർ,സീനിയർ ക്ലാർക്കിന് നൽകിയത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ വൗച്ചറിനൊടൊപ്പം 23,783 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. അവശേഷിക്കുന്ന തുകയുടെ (₹11,890) വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. |

## 3-8 വാഹന റിപ്പയർ -എഞ്ചിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല.

നഗരസഭയിലെ ടിപ്പർ ലോറി (KL-60-8923) യുടെ മെയിന്റനൻസ് പ്രവൃത്തികളുമായി ബന്ധപ്പെട്ട് വൗച്ചർനം.69/30-01-2018 പ്രകാരം 84,880/- രൂപ പ്രിൻസ് ഓട്ടോമൊബൈൽസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ക്വട്ടേഷൻ മുഖേനയാണ് ചെലവ് നടത്തിയിട്ടുള്ളതെങ്കിലും അറ്റകുറ്റപ്പണിക്ക് മുമ്പായി നഗരസഭ എഞ്ചിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. നഗരസഭ വാഹനങ്ങളുടെ പരിപാലനം, സൂക്ഷിപ്പ് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ -2000 ലെ നിർദ്ദേശങ്ങൾ, ജി.ഒ.(എം.എസ്.) 170/07 ത.സ്വ.ഭ.വ തി.30.06.2017 ഉത്തരവിലെ നിർദ്ദേശങ്ങൾ എന്നിവ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അറ്റകുറ്റപ്പണിയ്ക്കായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമ്പോൾ പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം എഞ്ചിനിയറുടെ സേവനം പ്രയോജനപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 നഗരസഭാ വാഹനങ്ങളുടെ ഇൻഷ്വറൻസ്

18.04.2000 ലെ ജി.ഒ.(പി.) നം. 819/2000 ഫിൻ. ഉത്തരവും, തുടർന്നുള്ള വിവിധ സർക്കുലറുകൾ പ്രകാരവും സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിലെ എല്ലാ വാഹനങ്ങളുടേയും ഇൻഷ്വറൻസ് ഇടപാടുകൾ നിലവിൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയല്ല നടത്തി വരുന്നുന്നത് . നഗരസഭയുടെ അധീനതയിലുള്ള എല്ലാ വാഹനങ്ങളുടെയും ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന

ഇൻഷൂറൻസ് വകുപ്പ് വഴി നടത്തേണ്ടതും ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-10 കുടിവെള്ള വിതരണം ആദായ നികുതി ഈടാക്കിയിട്ടില്ല.

സംസ്ഥാന സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വതരണം നടത്തിയ വകയിൽ ചുവടെ ചേർത്തപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്, എന്നാൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ട1% ആദായ നികുതി ഈടാക്കാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചത് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ തുക | കരാറുകാരന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | വൗച്ചർ.നം.33/11-10-2017 ₹5,12,400/- | എ.കെ.വിനോദ് | 04-05-2017 മുതൽ 02-06-2017 വരെ കുടിവെള്ള വിതരണം നടത്തിയത് |
| 2 | വൗച്ചർ.നം.12/05-12-2017 ₹2,44,260/- | മനോജ്, കാര്യങ്കോട് | 05-05-2016 മുതൽ 01-06-2016 വരെ കുടിവെള്ള വിതരണം നടത്തിയത് |

മേൽ കരാറുകാരിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-11 പൗരാവകാശ രേഖ അച്ചടിച്ചത് -വിതരണം പൂർത്തീകരിച്ചിട്ടില്ല.

പ്രൊ.നം. 89/18 (സ്പിൽ ഓവർ) പ്രകാരം വികസനഫണ്ടിൽ നിന്നും 1,99,920 രൂപ വിനിയോഗിച്ച് പൗരാവകാശ രേഖയുടെ 6750 കോപ്പി അച്ചടിക്കുകയുണ്ടായി. ഇതു സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പ്രകാരം അച്ചടിച്ച പൗരാവകാശ രേഖയുടെ 2990 കോപ്പികൾ ഇനിയും വിതരണം ചെയ്യുവാൻ അവശേഷിക്കുന്നതായി കാണുകയുണ്ടായി.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ നഗരസഭയിലെ എല്ലാ കുടുംബങ്ങൾക്കും നല്കുവാൻ ലക്ഷ്യമിട്ടായിരുന്നു പൗരാവകാശരേഖ പ്രസിദ്ധീകരിച്ചതെന്നും, 2018 ജനുവരിയിൽ നടന്ന വാർഡ് സഭകളിൽ ഹാജരായവർക്ക് വിതരണം ചെയ്തിരുന്നുവെന്നും, അവശേഷിക്കുന്നവ നഗരസഭാ കൗൺസിലർമാർ മുഖേന വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും സൂചിപ്പിക്കുകയുണ്ടായി. നഗരസഭയിൽ ആവശ്യമായ കോപ്പികൾ മാത്രം സൂക്ഷിച്ച ശേഷം ബാക്കിയുള്ളവ പൊതുജനങ്ങൾക്കും പൊതു സ്ഥാപനങ്ങൾക്കുമായി വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കൃത്യമായ ആവശ്യകത നിർണ്ണയിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-12** വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷം വിവിധ പദ്ധതികൾനടപ്പിലാക്കുന്നതിന്റെ നഗരസഭയുടെ വിഹിതമായി 66,22,611/- രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം. / തിയതി | തുക | തുക നൽകിയ തിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | മുനിസിപ്പൽ എഞ്ചിനീയർ | തൈക്കടപ്പുറം സ്റ്റോർ മുതൽ ബോട്ട് ജട്ടിവരെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. (പ്രൊ.നം.241/18) | 622968/ 15.12.2017 | ₹ 1,62,770/- | കെ.എസ്. ഇ.ബി. |
| 2 | മുനിസിപ്പൽ എഞ്ചിനീയർ | ഡോക്ടർ കെ.സി. രാജ ക്ലിനിക്ക് റോഡ് മുതൽ കെ.കെ.ഡി.സി. റോഡ് വരെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. (പ്രൊ.നം.232/18) | 539551/ 17.10.2017 | ₹ 49,600/- | കെ.എസ്. ഇ.ബി. |
| 3 | മുനിസിപ്പൽ എഞ്ചിനീയർ | കരുവാച്ചേരി എൻ.എച്ച്. കണിയാംവയൽ റോഡിന് സ്ട്രീറ്റ് ലൈൻ വലിക്കൽ. (പ്രൊ.നം.178/18) | 539553/ 17.10.2017 | ₹ 4,33,530/- | കെ.എസ്. ഇ.ബി. |
| 4 | മുനിസിപ്പൽ എഞ്ചിനീയർ | ഫാം അഴിത്തല റോഡിലുള്ള ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. (പ്രൊ.നം.132/18) | 539554/ 17.10.2017 | ₹ 4,13,225/- | കെ.എസ്. ഇ.ബി. |

| | | | | | |
|---|---|---|---|---|---|
| 5 | മുനിസിപ്പൽ എഞ്ചിനീയർ | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ- കടിഞ്ഞിമൂല (പ്രൊ.നം.239/18) | 622963/ 11.01.2018 | ₹ 2,51,400/- | കെ.എസ്. ഇ.ബി. |
| 6 | മുനിസിപ്പൽ എഞ്ചിനീയർ | ആനചാലിൽ നിന്ന് ഓർച്ച റോഡിലേക്ക് പൈപ്പ് ലൈൻ നീട്ടൽ. (പ്രൊ.നം.200/18) | 552678/ 30.10.2017 | ₹4,50,000/- | കേരള വാട്ടർ അതോറിറ്റി |
| 7 | മുനിസിപ്പൽ എഞ്ചിനീയർ | ഇടിച്ചൂടി കുടിവെള്ള പദ്ധതി(പ്രൊ.നം.243/18) | 163226/ 16.03.2018 | ₹20,00,000/- | കേരള വാട്ടർ അതോറിറ്റി |
| 8 | മുനിസിപ്പൽ എഞ്ചിനീയർ | ചെറപ്പുറം കുടിവെള്ള പദ്ധതി(പ്രൊ.നം.244/18) | 163227/ 16.03.2018 | ₹8,00,000/- | കേരള വാട്ടർ അതോറിറ്റി |
| 9 | മുനിസിപ്പൽ എഞ്ചിനീയർ | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ- കടിഞ്ഞിമൂല (പ്രൊ.നം.239/18) | 622963/ 11.01.2018 | ₹ 2,51,400/- | കെ.എസ്. ഇ.ബി. |
| 10 | നഗരസഭ സെക്രട്ടറി | സമ്പൂർണ്ണ വൈദ്യുതീകരണം വിഹിതം (പ്രൊ.നം.90/18) | ബിൽ.നം.47 /11.10.2017 | ₹ 6,84,051/- | കെ.എസ്. ഇ.ബി. |
| 11 | നഗരസഭ സെക്രട്ടറി | ഇ.എം.എസ് സ്റ്റേഡിയം -ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ് (പ്രൊ.നം.289/18) | ബിൽ.നം.39 /31.3.2018 | ₹ 4,58,435/- | കെ.എസ്. ഇ.ബി. |
| 12 | നഗരസഭ സെക്രട്ടറി | ഉച്ചൂളിക്കുതര്-ആനച്ചാൽ റോഡ്-ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ് (പ്രൊ.നം.270/18) | ബിൽ.നം.29 /31.3.2018 | ₹ 3,19,600/- | കെ.എസ്. ഇ.ബി. |
| 13 | ICDSസൂപ്പർവൈസർ | NPRPD വിഹിതം നൽകൽ (പ്രൊ.നം.8/18) | ബിൽ.നം.8 /23.9.2017 | ₹ 6,00,000/- | സെക്രട്ടറി ജില്ലാ പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | ₹66,22,611 | |

## 3-13 ആസ്തിരജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിയ്ക്കുന്നില്ല.

നഗരസഭയുടെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അകൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്-13.01.2010ലെ 58608/ഡി.ബി.2/09) നിഷ്കർഷിച്ചിട്ടുള്ളതാണ്. നഗരസഭയിൽ ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി. എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്ററും പാലിക്കാത്തതിനാൽ നഗരസഭ ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.ആസ്തിരജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-14 ചെയർമാന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

2003ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം നീലേശ്വരം നഗരസഭയിൽ ചെയർമാന്റെ ദുരിതാശ്വാസ നിധിരൂപീകരിച്ചിട്ടുണ്ട്. നീലേശ്വരം കോപ്പറേറ്റീവ് അർബൻ ബാങ്കിലുള്ള ദുരിതാശ്വാസ നിധിയുടെ അക്കൗണ്ടിൽ (അക്കൗണ്ട് നം-102349) 2017-18 വർഷം വരവ്-ചെലവ് ഒന്നുമില്ല. 2015 നവംബർ മാസത്തിനുശേഷം ഈ അക്കൗണ്ടിൽ ഇടപാടുകളൊന്നും ഇല്ല. ഈ അക്കൗണ്ടിൽ 31.03.2018 ന് 13,841/-രൂപ നീക്കിയിരിപ്പുണ്ട്. ചെയർമാന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 3-15 വളർത്തു നായ്ക്കൾക്ക് ലൈസൻസ് നല്കുന്നത് സംബന്ധിച്ച്

നീലേശ്വരം നഗരസഭയിൽ വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിന്റെ ഭാഗമായി ടോക്കൺ ബെൽറ്റുകൾ നിർമ്മിച്ച നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ക്രീനോക്രാഫ്റ്റ്സ്,കാവിൽനട, എറണാകുളം എന്ന സ്ഥാപനത്തിൻെറ ക്വട്ടേഷൻ അംഗീകരിച്ച് 165/- രൂപ നിരക്കിൽ 300 എണ്ണം ലൈസൻസ് ടോക്കൺ ബെൽറ്റുകൾ 49,500/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട് (വൗച്ചർ നം.32/2017-18). 2017-18 വർഷത്തെ വളർത്തു നായ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കേവലം 5 ലൈസൻസുകൾ മാത്രമേ നൽകിയതായി കാണുന്നുള്ളൂ.കേരള മുനിസിപ്പാലിറ്റി ആക്ട് അദ്ധ്യായം xix ലെ വകുപ്പ് 437 പ്രകാരം നഗരസഭാ പരിധിയിലുള്ള ഏതൊരാളും സെക്രട്ടറിയിൽ നിന്നും ലഭിച്ച ലൈസൻസ് കൂടാതെയും, പേപ്പട്ടി വിഷത്തിനെതിരെ തൻെറ നായയെ കുത്തിവെപ്പിക്കാതെയും ഏതെങ്കിലും നായയെ വളർത്താൻ പാടുള്ളതല്ല.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ്എൻക്വയറി നം.12 തീയതി 22.02.2019 ന് നൽകിയ മറുപടിയിൽ നഗരസഭ പരിധിയിലെ വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ് 300 ബെൽറ്റുകൾ വാങ്ങി സ്റ്റോക്ക് ചെയ്തതെന്നും ആയവ ഗുണനിലവാരമുള്ളതും എളുപ്പം നശിച്ചുപോകാൻ സാധ്യതയില്ലാത്തതാണെന്നും അറിയിക്കുകയുണ്ടായി.നിലവിൽ വളർത്തുനായ ലൈസൻസ് നല്കുന്നതിനുള്ള ഫീസിനത്തിൽ നായ ഒന്നിന് 1,000 രൂപയോളം നഗരസഭ ഈടാക്കുന്നുണ്ട്. പൊതുജനങ്ങൾ ലൈസൻസ് എടുക്കാതെ നായകളെ വളർത്തുന്നതുമൂലം പേവിഷബാധ ഭീഷണി കൂടാതെ നഗരസഭയ്ക്ക് വരുമാനയിനത്തിലും നല്ലൊരു തുക നഷ്ടപ്പെടുവാനുള്ള സാഹചര്യമാണ് നിലവിലുള്ളത്. മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ വളർത്തു നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്താനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതും അതുവഴി മുൻകൂട്ടി വാങ്ങി സൂക്ഷിച്ചിട്ടുള്ള ബെൽട്ടുകൾ പ്രയോജനപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-16 ഗ്രീൻപ്രൊട്ടക്കോൾ നടപ്പാക്കുന്നതിനായ് സി.ഡി.എസ് ചെയർപേഴ്സന് വാങ്ങിനൽകിയ പാത്രങ്ങളുടെ വിനിയോഗം, പരിപാലനം തുടങ്ങിയവ സമ്പന്ധിച്ച് കരാർ ഉടമ്പടി വച്ചിട്ടില്ല.

നിർവഹണോദ്യോഗസ്ഥൻ: ഹെൽത്ത് ഇൻസ്പെക്ടർ.

പ്രൊജക്റ്റ് നമ്പർ: 194/18 (ഗ്രീൻപ്രൊട്ടക്കോൾ നടപ്പിലാക്കൽ).

ചെലവ്: ₹2,99,984/- (ട്രഷറി ബിൽ നം.43153/24.03.2018).

നീലേശ്വരം നഗരസഭയിൽ ഗ്രീൻപ്രൊട്ടക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക് നിർമാർജ്ജനവും പരിസ്ഥിതി സൗഹൃദമാക്കുന്നതിനും വേണ്ടി സ്റ്റീൽ പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ് എന്നിവയും അവ സൂക്ഷിക്കുന്നതിന് 3 സ്റ്റീൽ റാക്കും വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം നഗരസഭാ പരിധിയിലെ ഗാർഹിക/ ഗാർഹികേതര സദ്യകളിൽ ഭക്ഷണം വിതരണം ചെയ്യുന്നതിനായി 1238 സ്റ്റീൽ പ്ലേറ്റ്, 1250 സ്റ്റീൽ ഗ്ലാസ്, 3 സ്റ്റീൽ റാക്ക് എന്നിവ (ചെറുവത്തൂരിലുള്ള ഇന്നർസോൺ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും) വാങ്ങി, അവ വിതരണം ചെയ്യുന്നതിനായി നഗരസഭയിലെ കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സനെ ഏൽപിച്ചിട്ടുണ്ടെങ്കിലും അവരുടെ കൈപറ്റ് രശീതി ഇല്ല, കൂടാതെ കൈമാറിയ സ്റ്റീൽ പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ്, സ്റ്റീൽ റാക്ക് എന്നിവയുടെ വിനിയോഗം, പരിപാലനം തുടങ്ങിയവ സമ്പന്ധിച്ച് കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സനുമായി കരാർ ഉടമ്പടിയൊന്നും നിർവഹണോദ്യോഗസ്ഥൻ വച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-17 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- മസ്റ്റർ റോളിൽ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തണം.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലിചെയ്യുന്ന തൊഴിലാളികളുടെ ഹാജരും വേതന വിവരങ്ങളും രേഖപ്പെടുത്തുന്ന മസ്റ്റർ റോളിൽ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തുന്നില്ല. നിലവിൽ ഉപയോഗിക്കുന്ന മസ്റ്റർ റോളിൽ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തുന്നതിന് പ്രത്യേകമായൊരു കോളം ഇല്ല. നഗരസഭയിലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കാവശ്യമായ മസ്റ്റർ റോളുകൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നാണ് ലഭ്യമാക്കുന്നത്. ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തി, മസ്റ്റർ റോളിൽ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തുന്നതിന് പ്രത്യേകമായൊരു കോളം ചേർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 ആയുഷ് പ്രാഥമിക ആരോഗ്യ കേന്ദ്രം- ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

ജില്ലയിൽ ആദ്യമായി രൂപീകരിച്ച NHM ഡിസ്പൻസറികളിലൊന്ന് എന്ന നിലയിൽ ശ്രദ്ധയാകർഷിച്ച പാലായി റോഡിലുള്ള NHM ഡിസ്പൻസറി, പ്രവർത്തനമാരംഭിച്ച കാലം മുതൽ (2008 ഡിസംബർ) വാടക കടമുറിയിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. ദിവസേന ശരാശരി നൂറോളം രോഗികൾ ചികിത്സയ്ക്കായി ആശ്രയിക്കുന്ന പ്രസ്തുത ഡിസ്പൻസറിയിൽ രോഗികൾക്ക് ഇരിക്കാനുള്ള സൗകര്യം പോലും ഇല്ലാത്തതായി ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ചും ആയുഷ് വകുപ്പിൽ നിന്നും ഡിസ്പൻസറിക്ക് 2017-18 വർഷം ലഭിച്ച മരുന്നുകളുടെ വിവരം താഴെക്കൊടുക്കുന്നു.

| മരുന്ന് ലഭ്യമാക്കിയ സ്ഥാപനം | ലഭ്യമാക്കിയ മരുന്നിന്റെ മൂല്യം | പദ്ധതി വിവരം |
|---|---|---|
| ഔഷധി, തൃശ്ശൂർ | 6,00,000 | ഡിസ്പൻസറിക്ക് മരുന്ന് ലഭ്യമാക്കൽ |
| ഔഷധി, തൃശ്ശൂർ | 4,09,796 | വയോമിത്ര പദ്ധതിക്ക് മരുന്ന് ലഭ്യമാക്കൽ |
| ഔഷധി, തൃശ്ശൂർ | 1,00,000 | ഡിസ്പൻസറിക്ക് മരുന്ന് ലഭ്യമാക്കൽ |
| ആകെ | 11,09,796/- | |

മേൽ ലഭ്യമാക്കിയ 11,09,796/- രൂപയുടെ മരുന്നുകൾക്ക് പുറമെ 50,000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി; 2016-17 വർഷം മുതൽ നടപ്പിലാക്കിപ്പോരുന്ന പ്രസവരക്ഷാ ശുശ്രൂഷ പദ്ധതിയായ 'സൂതിക രക്ഷാ' പദ്ധതിയും ഡിസ്പൻസറിയിൽ നടപ്പിലാക്കിപ്പോരുന്നുണ്ട്. എന്നാൽ ഇത്രയും മൂല്യമുള്ള മരുന്നുകൾ സൂക്ഷിക്കാൻ ഉതകുന്ന സൗകര്യങ്ങൾ സജ്ജീകരിക്കുകയോ മരുന്നുകൾ കൈകാര്യം ചെയ്യാൻ ഫാർമസിസ്റ്റ് യോഗ്യതകൾ ഉള്ള ജീവനക്കാരിയെ നിയമിക്കുകയോ ചെയ്തിട്ടില്ല. സ്ഥലപരിമിതിയാൽ വീർപ്പുമുട്ടുന്ന സ്ഥാപനത്തിൽ എക്സാമിനേഷൻ ടേബിളിൽ പോലും മരുന്നുകൾ സൂക്ഷിച്ചിരിക്കുന്ന അവസ്ഥയാണുള്ളത്. ജീവനക്കാർക്ക് പ്രാഥമിക

ആവശ്യങ്ങൾ നിർവ്വഹിക്കാൻ പോലും സൗകര്യമില്ല എന്നത് സ്ഥാപനത്തിന്റെ ദയനീയാവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്. മുനിസിപ്പൽ പരിധിയിലുള്ള ഏക ആയുർവേദ ഡിസ്പൻസറി എന്ന പരിഗണന നൽകിക്കൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ ഉള്ള സ്ഥലം കണ്ടെത്തി സ്ഥാപനത്തിന്റെ തുടർപ്രവർത്തനം സുഗമമാക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-19 I.C.D.S. സൂപ്പർവൈസർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ പരിശോധന –അപാകതകൾ

1. 2017 ജൂലൈ മാസത്തിൽ കീർത്തി അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് 2212 കി.ഗ്രാം ന്യൂട്രിമിക്സ് (ഇൻവോയിസ് നം-43/11.07.2017) ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത വിവരം I.C.D.S. സൂപ്പർവൈസറുടെ സ്റ്റോക്ക് റജിസ്റ്ററിൽ രേഖപ്പെടുത്തുകയോ സെന്ററുകളിൽ വിതരണം ചെയ്ത വിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഏതാനും സെന്ററുകളിലെ സ്റ്റോക്ക് റജിസ്റ്ററുകൾ പരിശോധിച്ചതിൽ 2017 ജൂലൈ മാസത്തിൽ ന്യൂട്രിമിക്സ് ലഭിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ 2212 കി.ഗ്രാം ന്യൂട്രിമിക്സിന്റെ വിതരണ വിവരം സൂപ്പർവൈസറുടെ സ്റ്റോക്ക് റജിസ്റ്ററിൽ രേഖപ്പെടുത്തി ആയത് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

2. 2017 ഡിസംബർ മാസത്തിൽ കീർത്തി അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് 2213.5 കി.ഗ്രാം ന്യൂട്രിമിക്സ് ( ഇൻവോയിസ് നം-07/29.12.2017) ലഭ്യമാക്കിട്ടുണ്ടെങ്കിലും 38 സെന്ററുകളിലായി 2178.5 കി.ഗ്രാം വിതരണം ചെയ്തതായി മാത്രമേ സൂപ്പർവൈസറുടെ സ്റ്റോക്ക് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. വിതരണം ചെയ്തതിൽ കുറവ് വന്ന 35 കിലോയ്ക്ക് വിശദീകരണം നൽകാത്ത പക്ഷം ന്യൂട്രിമിക്സിന്റെ വിലയായ 2,450/- രൂപ (35x70) തിരിച്ചടവാക്കേണ്ടതാണ്.

3. 2017-18 വർഷത്തേക്ക് അങ്കണവാടികളിലേക്ക് ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിനായി ഡ്രൈവർമാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ഏറ്റവും കുറഞ്ഞ നിരക്ക് (കിലോ ഗ്രാമിന് 3 രൂപ വച്ച്) ക്വോട്ട് ചെയ്ത പ്രതീഷ് എം,ഡ്രൈവർക്ക് (KL 10 J 6139) ക്വട്ടേഷൻ സ്ഥിരപ്പെടുത്തുകയുണ്ടായി. എന്നാൽ ക്വട്ടേഷന് വിരുദ്ധമായി അധികം തുക ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരുദാഹരണം താഴെക്കൊടുക്കുന്നു.

Civil Supplies Corp, Nileshwar ന്റെ 06.02.2018 തീയ്യതിയിലെ ബിൽ നം. 1402202/174199 പ്രകാരം വാങ്ങിയ അര ലിറ്ററിന്റെ 408 പാക്കറ്റ് നാളികേര എണ്ണയ്ക്ക് ട്രാൻസ്പോർട്ടേഷൻ ചാർജായി 1,224 രൂപ(408x3)അനുവദിച്ചിട്ടുണ്ട്. രണ്ട് അര ലിറ്റർ പേക്കറ്റ് നാളികേര എണ്ണ ചേർന്നാലെ ഒരു കിലോഗ്രാം ഭാരം വരും എന്ന വസ്തുത കണക്കിലെടുക്കാതെ 408 അര ലിറ്റർ പാക്കറ്റിനും 3 രൂപ വീതം ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിയത് ശരിയല്ല എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നം. 14/23.02.2019)

## 3-20 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ

<u>സ്കോളർഷിപ്പ് തുക കുറച്ചു നൽകി</u>

പ്രോജക്ട് നം : 10/2018 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന

വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
വകയിരുത്തൽ - വികസന ഫണ്ട് (സാധാ) ₹ 10,00,000/-

നിർവ്വഹണം: ഐ.സി.ഡി.എസ്, സൂപ്പർവൈസർ

03.04.2017ലെ ജി.ഒ.(എം.എസ്.)80/2017/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 10.3 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത(പ്രതിമാസ സ്കോളർഷിപ്പിനുപുറമെ) |
|---|---|---|---|---|
| | | ഡേ സ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1,250 | 1,000 |
| 5 | ബിരുദാനന്തര ബിരുദം | 1,000 | 1500 | 1,500 |
| 6 | വൊക്കേഷനൽ പരിശീലനം | 1,000 | 1,500 | 1,500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ-നം. | ഇനം | സ്കോളർഷിപ്പ് ബത്ത(രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1,000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 1,500 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 2,000 |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 1,000 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര-രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1,000 |

ഡേ സ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 27,500/- രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 28,500/-രൂപയും അർഹതയുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്. സർക്കാർ ഉത്തരവിലൂടെ നൽകാൻ നിർദ്ദേശിച്ച നിരക്കിൽ നിന്നും കുറവാണ് മുനിസിപ്പാലിറ്റി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുക.

1.ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത് (ഡേ സ്കോളർ)

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം |
|---|---|---|---|---|
| 1-4/ നഴ്സറി ക്ലാസ് | 13 | [(400x12)+500]x13=68,900 | 62,400 | 6,500 |
| 5-8 | 11 | [(500x12)+600]x11 =72,600 | 66,000 | 6,600 |
| 9,10,+1,+2 | 06 | [(600x12)+800]x06 =48,000 | 43,200 | 4,800 |
| ബിരുദം | 08 | [(800x12)+1000] x08=84,800 | 76,800 | 8,000 |
| ബിരുദാനന്തര ബിരുദം | 01 | [(1,000x12)+1,500] x01=13,500 | 12,000 | 1,500 |

| | | | | |
|---|---|---|---|---|
| ആകെ | 39 | 2,87,800 | 2,60,400 | 27,400 |

2. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| 59 | (59x28,500) = 16,81,500 | 7,08,000 | 9,73,500 | ഉല്ലാസയാത്ര/പഠന യാത്രാ ബത്ത പരിഗണിച്ചിട്ടില്ല |

സർക്കാർ ഉത്തരവനുസരിച്ച നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആകെ 10,00,900/-(27,400+9,73,500)രൂപയുടെ സ്കോളർഷിപ്പ്, ബത്ത എന്നിവ നഷ്ടപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവനുസരിച്ച് നിശ്ചിത നിരക്ക് പ്രകാരം തന്നെ സ്കോളർഷിപ്പ് തുക നൽകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-21 ബഡ്സ് സ്കൂൾ ആവശ്യത്തിനായി ലഭിച്ച വാഹനങ്ങളിലൊന്ന് ഉപയോഗിക്കുന്നില്ല

കുടുംബശ്രീ സ്റ്റേറ്റ് മിഷൻ ലഭ്യമാക്കിയ വാഹനവും മലയാള മനോരമയുടെ സ്പോൺസർഷിപ്പിൽ ജില്ലാ കളക്ടർ മുഖേന ലഭ്യമാക്കിയ വാഹനവും ഉൾപ്പെടെ ആകെ രണ്ടു വാഹനങ്ങളാണ് ബഡ്സ് സ്കൂളിന്റെ ആവശ്യാർത്ഥം മുനിസിപ്പാലിറ്റിയുടെ കൈവശമുള്ളത്. എന്നാൽ കുടുംബശ്രീ സ്റ്റേറ്റ് മിഷൻ ലഭ്യമാക്കിയ വാഹനം രണ്ടു വർഷത്തിലേറെയായി സർക്കാർ അംഗീകൃത വർക്ക് ഷാപ്പിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്രസ്തുത വാഹനം അറ്റകുറ്റ പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയോ അല്ലാത്ത പക്ഷം സാങ്കേതിക ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-22 താലൂക്ക് ഹോസ്പിറ്റലിന് മരുന്ന് ലഭ്യമാക്കൽ – മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല-

പ്രോജക്റ്റ്നം.- 28/2018 നീലേശ്വരം താലൂക്ക് ആശുപത്രി, തൈക്കടപ്പുറം

പി. എച്ച്. സി. എന്നീ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ

വകയിരുത്തൽ - മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) 10,90,501/-

ട്രഷറി ബിൽ നം.- 06/2017-18 തീ. 21.10.2017 ₹ 5,50,000/- ( KMSCL)

08/2017-18 തീ. 18.11.2017 ₹ 1,50,000/- ( KMSCL)

29/2017-18 തീ. 27.03.2018 ₹ 3,90,501/- ( Supplyco,Med. Dvn)

നിർവ്വഹണോദ്യോഗസ്ഥൻ- സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ,നീലേശ്വരം

1. മേൽ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ മരുന്നുകൾ ലഭ്യമല്ല എന്ന് അറിയിച്ച് കൊണ്ട് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. (സ.ഉ.(എം.എസ്.)നം.80/2017/ത.സ്വ.ഭ.വ. തീ. 03.04.2017). ഭാവിയിൽ ഇത്തരത്തിൽ മരുന്നുകൾ വാങ്ങുന്നതിന് മുമ്പ് NAC ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. മരുന്നുകൾ ലഭ്യമാക്കാനായി KMSCL ന നൽകിയ 7,00,000/- രൂപയിൽ 28 തവണകളായി (13.06.2018 മുതൽ 07.01.2019 വരെ) 6,88,314/- രൂപയുടെ മരുന്നുകൾ മാത്രമേ നാളിത് വരെയായി ലഭ്യമാക്കിയിട്ടുള്ളൂ. തുക മുൻകൂർ നൽകിയിട്ട് ഒന്നര വർഷമത്തോളമായിട്ടും 11,686/- രൂപ മൂല്യമുള്ള മരുന്നുകൾ ഇനിയും ലഭ്യമാക്കാൻ ബാക്കിയുണ്ട്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 02/15.02.2019)

## 3-23 പി.എം.എ.വൈ. ഭവന പദ്ധതി

സ്വന്തമായി സ്ഥലമുള്ള വാസയോഗ്യമായ ഭവനം ഇല്ലാത്ത എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാരിന്റെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ നീലേശ്വരം നഗരസഭയിൽ 2016-17 വർഷം പൂർത്തീകരിക്കുകയും 153 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ആദ്യഘട്ട ഡി.പി.ആറിന് ബന്ധപ്പെട്ട സംസ്ഥാനതല സമിതികൾ 2017 ഫെബ്രുവരി മാസം അംഗീകാരം നല്കുകയും ചെയ്യുകയുണ്ടായി. തുടർന്ന് പദ്ധതിയ്ക്കായി കൂടുതൽ ഗുണഭോക്താക്കൾ അപേക്ഷിച്ചതിനാൽ 298 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി രണ്ടാം ഘട്ട ഡി.പി.ആറും,153 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി മൂന്നാം ഘട്ട ഡി.പി.ആറും,82 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി നാലാം ഘട്ട ഡി.പി.ആറും,64 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി അഞ്ചാം ഘട്ട ഡി.പി.ആറും തയ്യാറാക്കി അംഗീകാരം വാങ്ങുകയും ചെയ്തു. പദ്ധതി പ്രകാരം ഗുണഭോക്താക്കൾ കരാറുടമ്പടി ഒപ്പുവെച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2017-18 സാമ്പത്തിക വർഷമാണ്. ആദ്യ ഘട്ടത്തിൽ പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് മൂന്ന് ലക്ഷം രൂപയായിരുന്നു (1,50,000രൂപ കേന്ദ്ര വിഹിതം, 50,000 രൂപ വീതം സംസ്ഥാന സർക്കാർ വിഹിതം,തദ്ദേശസ്വയംഭരണ സ്ഥാപനം വിഹിതം, ഗുണഭോക്തൃവിഹിതം). പദ്ധതിപ്രകാരമുള്ള ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് ലൈഫ് പദ്ധതി ഭവനങ്ങളുടെ യൂണിറ്റ് നിരക്കുമായി ഏകീകരിച്ച് നാലു ലക്ഷം രൂപയാക്കി സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്(ജി.ഒ.(എം.എസ്.)നം.29/2018 L.S.G.D. തി.28.02.2018). എന്നാൽ ഇതു പ്രകാരമുള്ള അധിക നിരക്ക് ഇതുവരെയും ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല. തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിതം, ഗുണഭോക്തൃ വിഹിതം,കേന്ദ്ര-സംസ്ഥാന വിഹിതം,ബാങ്ക് പലിശ എന്നീയിനങ്ങളിൽ 31.03.2018 വരെ 12,59,06,335 രൂപ പദ്ധതിയ്ക്കായി ലഭ്യമായിട്ടുണ്ട് . ഇതിൽ 6,38,55,000 രൂപ 31.03.2018 വരെ പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് തിയതി വരെയുള്ള (29.01.2019) പദ്ധതി പുരോഗതി സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ഇനം | വിശദാം ശങ്ങൾ |
|---|---|---|
| 1 | ആകെ ഗുണഭോക്താക്കൾ (അഞ്ച് DPR പ്രകാരം) | 750 |
| 2 | അർഹതപ്പെട്ട ഗുണഭോക്താക്കൾ (പരിശോധനയ്ക്ക് ശേഷം) | 604 |
| 3 | കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിച്ചവർ | 518 |
| 4 | എഗ്രിമെന്റ് ഒപ്പുവെച്ചവർ | 514 |
| 5 | നിർമ്മാണം ആരംഭിച്ചവർ | 514 |
| 6 | നിർമ്മാണം പൂർത്തിയാക്കിയവർ | 114 |
| 7 | ഗുണഭോക്തൃ വിഹിതം ലഭിച്ചത് | 30.7 ലക്ഷം |
| 8 | ആകെ ലഭ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം | 228 ലക്ഷം |
| 9 | ആകെ ലഭ്യമായ കേന്ദ്ര-സംസ്ഥാന വിഹിതം | 384.8 ലക്ഷം |
| 10 | ആകെ ലഭ്യമായ ബാങ്ക് പലിശ | 7,71,335 |
| 11 | 29.01.2019 വരെ ആകെ ചെലവ് | 638.55ലക്ഷം |
| 12 | ജിയോ ടാഗിങ്ങ് പൂർത്തിയാക്കിയത് | 471 |
| 13 | എഗ്രിമെന്റ് വെയ്ക്കുവാൻ അവശേഷിക്കുന്നവർ | 90 |

പദ്ധതിയ്ക്കായി ലഭ്യമാവേണ്ട കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ലഭ്യമാക്കുവാനും, ഇതിനനുസൃതമായ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം ഉൾപ്പെടുത്തി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയലുകൾ റാൻഡമായി പരിശോധിച്ചതിൽ പദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ, വരുമാനം, സ്വന്തമായി

ഭവനമില്ല എന്നീ വസ്തുതകളുമായി ബന്ധപ്പെട്ട് ഗുണഭോക്താവ് നല്കുന്ന സത്യവാങ്മൂലങ്ങൾ, വെരിഫിക്കേഷൻ റിപ്പോർട്ടുകൾ എന്നിവ ഫയലുകളിൽ സൂക്ഷിക്കാത്തത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇക്കാര്യം പരിശോധിച്ച് ഗുണഭോക്താക്കളുടെ വ്യക്തിഗതഫയലുകളിൽ ബന്ധപ്പെട്ട മുഴുവൻ രേഖകളും ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-24 എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതും മറ്റ് അപാകതകളും.

നഗരസഭയിൽ 2017-18 വർഷം നടപ്പാക്കിയ എസ്.എസ്.എ. വിഹിതം നൽകൽ പദ്ധതി പ്രകാരം (പ്രൊജക്ട് നം.SO.013/17) 16,00,000 രൂപ (ട്രഷറി ബിൽ നം.1/13-07-2017 -വികസന ഫണ്ട്) പ്രൊജക്ട് ഓഫീസർ, S.S.A, കാസർഗോഡിന് നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ പൂർണ്ണമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരമുള്ള ചെലവ് താഴെ കൊടുക്കുന്നു.

| S.S.A.പദ്ധതി അടങ്കൽ | 40% ഗ്രാമ പഞ്ചായത്ത് വിഹിതം | നഗരസഭ വിഹിതം നല്കിയത് | UC പ്രകാരം ആകെ ചെലവ് | ആകെ ചെലവിന്റെ 40% | അധികം നല്കിയ തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 3-5 |
| 50,71,000 | 20,28,400 | 16,00,000 | 29,89,000 | 11,95,600 | 4,04,400 |

നഗരസഭയിൽ വിദ്യാഭ്യാസ മേഖലയിൽ ചെലവഴിക്കുന്ന പദ്ധതികളുടെ വാർഷിക ബഡ്ജറ്റ് മുൻകൂട്ടി തയ്യാറാക്കുകയും ആയതിന്റെ 40% നഗരസഭാ വിഹിതമായി ഉൾപ്പെടുത്തി ഫണ്ട് പ്രൊജക്ട് ഓഫീസർ, S.S.A, കാസർഗോഡിന് കൈമാറണം. ജി.ഒ.(എം.എസ്) 4/2016 തി. 11.01.2016, ഖണ്ഡിക11.6.ii പ്രകാരം എസ്.എസ്.എ. യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ S.S.A. പ്രൊജക്ട് തയ്യാറാക്കേണ്ടത്. ഇതനുസരിച്ച് നഗരസഭാ അധികാരികളും, നഗരസഭയിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ. യും കൂടി ചർച്ച ചെയ്ത് നഗരസഭയിൽ S.S.A. പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നഗരസഭയുടെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. പ്രൊജക്ട് തദ്ദേശ സ്വയംഭരണ ഭരണ സമിതി അംഗീകരിക്കണം എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്. പദ്ധതിക്കായി പിൻവലിച്ച 16,00,000 രൂപ ഏതെല്ലാം സ്കൂളുകൾക്ക്, ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നതു സംബന്ധിച്ച് വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. വിനിയോഗവിവരം ഹാജരാക്കാത്തതിനാൽ 4,04,400 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-25 വഴിയോരക്കച്ചവട നിയമം നടപ്പാക്കുന്നതിൽ കാലതാമസം. (ഫയൽ നം. C-1- 2986/2017)

തെരുവ് കച്ചവടക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തെരുവ് കച്ചവടം ക്രമപ്പെടുത്തുന്നതിനുമായി ദേശീയ വഴിയോര കച്ചവട നിയമം [ The Street Vendors (Protection of Livelihood and Regulation of Street Vending) Act 2014] നിലവിൽ വന്നിട്ടുണ്ട്. ഈ

നിയമം നടപ്പിലാക്കേണ്ടത് നഗരസഭകളുടെ ബാദ്ധ്യതയാണ്. തെരുവ് കച്ചവടക്കാരുടെ സർവ്വേ പൂർത്തീകരിച്ച് 88 കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

പ്രസ്തുത നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

ടൗൺ വെന്റിങ്ങ് കമ്മറ്റി - വിജ്ഞാപനം ചെയ്തിട്ടില്ല.

നഗരസഭയിൽ ടൗൺ വെന്റിങ്ങ് കമ്മറ്റി രൂപീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചട്ടപ്രകാരം ലിസ്റ്റ് വിജ്ഞാപനം ചെയ്തതായി കാണുന്നില്ല. ടൗൺ വെന്റിങ്ങ് കമ്മറ്റി അംഗങ്ങളുടെ ലിസ്റ്റ് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. നഗരസഭയിൽ ടൗൺ വെന്റിങ്ങ് സോണിനുള്ള സ്ഥല പരിമിതി മൂലമാണ് ലിസ്റ്റ് വിജ്ഞാപനം ചെയ്യാത്തത് എന്നാണ് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

സർട്ടിഫിക്കറ്റ് ഓഫ് വെന്റിങ്ങ് നൽകിയിട്ടില്ല

വകുപ്പ് 6 പ്രകാരം വഴിയോരക്കച്ചവടക്കാരെ തരംതിരിച്ച് വെന്റിങ്ങ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തതായി കാണുന്നില്ല. ടൗൺ വെന്റിങ്ങ് സോൺ ലഭിച്ചതിന് ശേഷം വഴിയോരക്കച്ചവടക്കാർക്ക് തരം തിരിച്ച് വെന്റിങ്ങ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതാണ് എന്ന് വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

വെന്റിങ്ങ് സോൺ , വെന്റിങ്ങ് ഫീസ് - നിശ്ചയിച്ചിട്ടില്ല

2016 ലെ Kerala Street Vendors (Protection of Livelihood, Regulation of Street Vending) Scheme അനുസരിച്ച് നഗരസഭ പ്രദേശത്തെ Vending zone, Restricted Vending zone, No Vending Zone എന്നിങ്ങനെ തരം തിരിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഇപ്രകാരമുള്ള വെന്റിങ്ങ് സോണുകൾ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. അത് പോലെ സ്ട്രീറ്റ് വെൻഡേഴ്സ് സ്കീം ഖണ്ഡിക 9 അനുസരിച്ച് തദ്ദേശഭരണ സ്ഥാപനം, കച്ചവടത്തിന്റെ തരം അനുസരിച്ച് വെന്റിങ്ങ് ഫീസ് നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തുകയും ഈടാക്കുകയും വേണം. എന്നാൽ ഇതിനുള്ള നടപടികൾ നഗരസഭ ആരംഭിച്ചിട്ടില്ല. മേൽ വിഷയങ്ങൾക്ക് മറുപടി നല്കേണ്ടതാണ്.

വഴിയോരക്കച്ചവട നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-26 നഗരസഭ പെൻഷൻഫണ്ട്- അവലോകനം

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2), 8, 10 എന്നിവ പ്രകാരം നഗരസഭയിലെ റഗുലർ ജീവനക്കാരുടെയും, 1996 ലെ കേരളാ മുനിസിപ്പൽ (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെയും 2017-18 വർഷത്തെ പെൻഷൻ വിഹിതത്തിന്റെ ഒടുക്ക്, പെൻഷൻ വിതരണത്തിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുക അവയുടെ വിനിയോഗം, പെൻഷൻ വിതരണം എന്നിവ പരിശോധിച്ചു.

നഗരസഭാ റഗുലർ ജീവനക്കാരുടെ പെൻഷൻഫണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ

നൽകുന്നതിനുവേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നകരകാര്യ ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നൽകിന്ന തുക ഈ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. എന്നാൽ നീലേശ്വരം നഗരസഭായിൽ റഗുലർ ജീവനക്കരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ഇത്തരത്തിലുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ട് ഇല്ല. നിലവിൽ നഗരസഭയുടെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നീലേശ്വരം ശാഖയിലുള്ള അക്കൗണ്ടിൽ (നം.67182813170) നിന്നാണ് പെൻഷൻ സംബന്ധിച്ച ഇടപാടുകൾ നടത്തുന്നത്. നഗരസഭായിൽ റഗുലർ ജീവനക്കരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി മുനിസിപ്പൽ പെൻഷൻ ഫണ്ട് ആരംഭിക്കാത്തത് ചട്ടവിരുദ്ധമാണ്.

2017-18 സാമ്പത്തിക വർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ച 1,24,548/-രൂപ മേൽ പറഞ്ഞ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ട്. നിലവിൽ നഗരസഭയിൽ നിന്നും 2 പേരാണ് പെൻഷൻ കൈപ്പറ്റുന്നത്. നഗരസഭയിൽ നിന്നും വിരമിച്ച ശ്രീ.ശശി.കെ.വി (സീനിയർ ക്ലാർക്ക്), ശ്രീ.ബാബു.പി.എം. (സൂപ്രണ്ട്) എന്നിവർക്ക് പെൻഷനും ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ എന്നിവ നൽകുന്നതിന് തൻവർഷം 5,51,567/-രൂപ ചെലവഴിച്ചിട്ടുണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം നഗരസഭയിലെ റഗുലർ ജീവനക്കാരുടെ പ്രതിമാസ മൊത്ത വേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്, കൂടാതെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതേ മാസത്തെ ശമ്പള ബില്ലിനോടൊപ്പം പിൻവലിച്ച് 25-ാം തീയതിക്ക് മുൻപായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിലവിൽ നഗരസഭയിലെ 17 റഗുലർ ജീവനക്കാർ പെൻഷൻ വിഹിതം ഒടുക്കുന്നുണ്ട്. തൻ വർഷം 11,45,586/-രൂപ പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പെൻഷൻ വിഹിതം ചട്ടം പ്രകാരമുള്ള സമയപരിധിക്കകം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നില്ല. ജൂലൈ മാസത്തിലെ ശമ്പള ബില്ലിൽ നിന്നും ഈടാക്കിയ പെൻഷൻ വിഹിതം 29.08.2017 നും ആഗസ്റ്റ് മാസത്തിലെ ശമ്പള ബില്ലിൽ നിന്നും ഈടാക്കിയ പെൻഷൻ വിഹിതം 13.10.2017നും ഒക്ടോബർ മാസത്തിലെ ശമ്പള ബില്ലിൽ നിന്നും ഈടാക്കിയ പെൻഷൻ വിഹിതം 28.11.2017 നുമാണ് സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയത്. ജീവനക്കാരുടെ പെൻഷൻ വിഹിതം യഥാസമയം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ചട്ടം 8(4) പ്രകാരമുള്ള പലിശ നൽകാൻ നഗരസഭയ്ക്ക് ബാധ്യതയുണ്ട്.

നഗരസഭാ കണ്ടിൻജന്റ് ജിവനക്കാരുടെ പെൻഷൻഫണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണത്തിന് നീലേശ്വരം നഗരസഭ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരുടെയും അതാത് മാസത്തെ മൊത്തവേതനത്തിന്റെ 15% തുക

പെൻഷൻ വിഹിതമായി പിരിച്ച് ഈ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിലവിൽ ഈ വിഹിതം പിരിക്കുന്നില്ല എന്നാണ് നഗരസഭ അറിയിച്ചത്. ഇത് ചട്ടപ്രകാരം തെറ്റായ നടപടിയാണ്. എത്രയും പെട്ടെന്ന് കണ്ടിൻജന്റ് പെൻഷൻ വിതരണത്തിനായി പ്രത്യേക അക്കൗണ്ട് തുടങ്ങി ചട്ട പ്രകാരമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക എല്ലാ മാസവും പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഇത് ഭാവിയിൽ നഗരസഭയ്ക്ക് പെൻഷൻ നൽകുന്നതിന്റെ ബാധ്യത ഒരു പരിധിവരെ ലഘൂകരിക്കും. കണ്ടിൻജന്റ് പെൻഷൻ ഫണ്ടിലേക്ക് വിഹിതം നൽകേണ്ട 6 ജീവനക്കാർ നിലവിൽ നഗരസഭയിൻ ജോലിചെയ്യുന്നുണ്ട്. നിലവിൽ ആരുംതന്നെ നഗരസഭയിൽ നിന്നും കണ്ടിജന്റ് പെൻഷൻ കൈപറ്റുന്നില്ല.

## 3-27 മാലിന്യ സംസ്കരണം - അവലോകനം

നീലേശ്വരം നഗരസഭയിലെ മാലിന്യ ശേഖരണ സംസ്കരണ സംവിധാനങ്ങളും അവയുടെ പോരായ്മകളും സംബന്ധിച്ച് 2012 ൽ ഈ വകുപ്പിൽ നിന്നും വിശദമായ പ്രവർത്തനാവലേകന റിപ്പോർട്ട് പുറപ്പെടുവിച്ചിരുന്നു. ഈക്കാര്യം ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റി(2014-16) പരിഗണിച്ച് നിഗമനങ്ങളും ശിപാർശകളും 65 മത് റിപ്പോർട്ടായി പുറപ്പെടുവിച്ചിട്ടുള്ളതാണ്, ഇക്കാര്യത്തിൽ നഗരസഭ ലഭ്യമാക്കിയ മറുപടികളിന്മേലുള്ള പരിശോധന റിപ്പോർട്ട് നിയമസഭാ സമിതിക്ക് നല്കിയിട്ടുണ്ട്. മാലിന്യ ശേഖരണ -സംസ്കരണ സംവിധാനങ്ങൾക്കായി നിലവിൽ നഗരസഭ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച ലഘു അവലോകനം ചുവടെ ചേർക്കുന്നു

മാലിന്യ നിർമ്മാർജ്ജനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുവതല എന്ന നിയിൽ മാത്രമല്ല ഏറ്റവും പ്രധാനമായ ഒരു സാമൂഹിക ഉത്തരവാദിത്വം നിറവേറ്റുന്ന എന്ന തലത്തിൽ കൂടി കണക്കാക്കേണ്ടതാണ്. വ്യക്തി ശുചിത്വത്തിൽ വ്യഗ്രത കാണിക്കുന്ന മലയാളി പരിസരശുചിത്വത്തിൽ കാണിക്കുന്ന ഉദാസീനതയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാരിച്ച ഉത്തരവാദിത്വമായി മാറുന്നത്.

കാസർഗോഡ് ജില്ലയിൽ ഏറ്റവും അവസാനമായി രൂപം നൽകിയ നഗരസഭയാണ് നീലേശ്വരം നഗരസഭ. 2010 നവംബർ 1 നാണ് നീലേശ്വരം ഗ്രാമ പഞ്ചായത്ത് നഗരസഭയായി മാറിയിത്. വടക്കെ മലബാറിലെ അറിയപ്പെടുന്ന സാംസ്കാരിക കേന്ദ്രം കൂടിയാണ് നീലേശ്വരം. 26.23 ചതുരശ്ര കിലോമീറ്ററാണ് നഗരസഭയുടെവിസ്തൃതി. 2011 ലെ സെൻസസ് പ്രകാരം നഗരസഭയിലെ ജനസംഖ്യ 41,337 ആണ്.

നിലവിൽ നഗരസഭയിൽ ഉറവിടമാലിസംസ്കരണ സംവിധാനം പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.ആയതിനായി വീടുകളിൽ പൈപ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ വിതരണം ചെയ്ത് വരുന്നുണ്ട്. കൂടാതെ 2018-19 വർഷം വാർഷിക പദ്ധതിയിൽ റിങ്ങ് കമ്പോസ്റ്റ്, എയ്റോബിക് ബിൻ കമ്പോസ്റ്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതുവഴി ഗാർഹിക ജൈവമാലിന്യ പ്രശ്നം ഒരു പരിധി വരെ പരിഹരിക്കുവാൻ സാധിക്കുമെന്ന് അധികൃതർ അറിയിക്കുകയുണ്ടായി.

പ്രാദേശിക എതിർപ്പുകളെ തുടർന്ന് പൂട്ടിക്കിടന്നിരുന്ന നീലേശ്വരം ചിറപ്പുറം മാലിന്യ സംസ്കരണ പ്ലാന്റിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് സ്ഥാപിച്ച് 2018 ഒക്ടോബറിൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. 2018 ൻ രൂപീകരിച്ച ഹരിത കർമ്മസേന പ്രവർത്തകർ 32

വാർഡുകളിലയും വീട്ടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് പ്രസ്തുത പ്ലാന്റിൽ എത്തിച്ച് സംസ്കരിച്ച് വരുന്നു. അതുപോലെ നഗരത്തിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങളും ഇതേ രീതിയിൽ ശേഖരിച്ച് സംസ്കരിച്ച് വരുന്നു.

നഗരസഭയിൻ 7 ശുചീകരണ തൊഴിലാളികളാണ് ഉള്ളത്. നഗരസഭയിൽ ശുചീകരണവുമായി ബന്ധപ്പെട്ട് 1 ലോറിയും, 1 പിക്കപ്പ് വാനും (IZUZU) ഉപയോഗിച്ചുവരുന്നു.

നഗരസഭയിൽ നിലവിൽ സാധാരണ രീതിയിലുള്ള ശ്മശാനങ്ങളാണ് ഉള്ളത്. ഗ്യാസ് ക്രമറ്റോറിയം നിർമ്മിക്കുന്നതിന് 2019-20 വർഷത്തിൽ വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളതായി അധികൃതർ അറിയിക്കുകയുണ്ടായി. ആയത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ശാസ്ത്രീയ അറവുശാല സ്ഥാപിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

നഗരസഭയിൽ നിലവിൽ 6 പൊതു ടോയ് ലറ്റുകൾ 2018-19 വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും അധികൃതർ അറിയിക്കുകയുണ്ടായി.

2017-18 വർഷം ഹരിതകർമ്മസേന പ്രവർത്തകൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ പ്ലാന്റിൽ എത്തിക്കുന്നതിനായി 9,26,979 രൂപ ചെലവിൽ മിനിലോറി വാങ്ങിയിട്ടുണ്ട്.(പ്രൊ.നം.248/18). അതുപൊലെ നഗരപ്രദേശങ്ങളിലെ ഗാർഹിക/ ഗാർഹികേതര സ്ഥലങ്ങളിലെ പൊതു പരിപാടികളിൽ ഭക്ഷണ വിതരണവേളകളിൽ പ്ലാസ്റ്റിക് പാത്രങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനായി 1238 സ്റ്റീൽ പാത്രങ്ങളും, 1250 സ്റ്റീൽ ഗ്ലാസ്സുകളും വാങ്ങി കുടുംബശ്രീ മുഖേന ആവശ്യക്കാർക്ക് നല്കുവാനുള്ള പദ്ധതി 2,99,984 രൂപ വിനിയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അതുപോല രാത്രികാലങ്ങളിൽ പാതയോരത്ത് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി പാതയോരങ്ങളിൽ സി.സി,ടിവി സ്ഥാപിക്കുന്നതിനുള്ള പദ്ധതി 2018-19 വർഷം നടപ്പിലാക്കിയിട്ടുണ്ട്.

നഗരസഭയിലെ ചിറപ്പുറം മാലിന്യ സംസ്കരണ പ്ലാന്റിന്റെ നവീകരണം, പുതിയ യന്ത്രങ്ങൾ സ്ഥാപിക്കൽ എന്നിവയ്ക്കായി 2011-12 വർഷം സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും 76.08 ലക്ഷം രൂപ നഗരസഭയ്ക്ക് ലഭിക്കുകയുണ്ടായി. പ്രസ്തുത തുക പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ച് അതിൽ നിക്ഷേപിക്കുകയുണ്ടായി എന്നാൽ നാളിതുവരെ തുക വിനിയോഗിക്കുവാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല.31-03-2018ൽ പ്രസ്തുത അക്കൗണ്ടിൽ പലിശയുൾപ്പടെ 92.98 ലക്ഷം രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക ഫലപ്രദമായി വിനിയോഗിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് ശുചിത്വ മിഷനുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം./ ബിൽ.നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തൈക്കടപ്പുറം സ്റ്റോർ മുതൽ ബോട്ട് ജട്ടിവരെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. (പ്രൊ.നം.241/18) | 622968/ 15.12.2017 | ₹ 1,62,770/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | ₹ 1,62,770/- |
| കെ.എസ്.ഇ.ബി | ഡോക്ടർ കെ.സി. രാജ ക്ലിനിക്ക് റോഡ് മുതൽ കെ.കെ.ഡി.സി റേഡ് വരെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. (പ്രൊ.നം.232/18) | 539551/ 17.10.2017 | ₹ 49,600/- | -ടി- | ₹ 49,600/- |
| കെ.എസ്.ഇ.ബി | കരുവാച്ചേരി എൻ.എച്ച്. കണിയാംവയൽ റോഡിന് സ്ട്രീറ്റ് ലൈൻ വലിക്കൽ. (പ്രൊ.നം.178/18) | 539553/ 17.10.2017 | ₹ 4,33,530/- | -ടി- | ₹ 4,33,530/- |
| കെ.എസ്.ഇ.ബി | ഫാം അഴിത്തല റോഡിലുള്ള ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. (പ്രൊ.നം.132/18) | 539554/ 17.10.2017 | ₹ 4,13,225/- | -ടി- | ₹ 4,13,225/- |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ- കടിഞ്ഞിമൂല (പ്രൊ.നം.239/18) | 622963/ 11.01.2018 | ₹ 2,51,400/- | -ടി- | ₹ 2,51,400/- |
| കേരള വാട്ടർ അതോറിറ്റി | ആനചാലിൽ നിന്ന് ഓർച്ച റോഡിലേക്ക് പൈപ്പ് ലൈൻ നീട്ടൽ. (പ്രൊ.നം.200/18) | 552678/ 30.10.2017 | ₹4,50,000/- | -ടി- | ₹4,50,000/- |
| കേരള വാട്ടർ അതോറിറ്റി | ഇടിച്ചൂടി കുടിവെള്ള പദ്ധതി(പ്രൊ.നം.243/18) | 163226/ 16.03.2018 | ₹20,00,000/- | -ടി- | ₹20,00,000/- |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ചെറപ്പുറം കടിവെള്ള പദ്ധതി(പ്രൊ.നം.244/18) | 163227/ 16.03.2018 | ₹8,00,000/- | -ടി- | ₹8,00,000/- |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ-കടിഞ്ഞിമൂല (പ്രൊ.നം.239/18) | 622963/ 11.01.2018 | ₹ 2,51,400/- | -ടി- | ₹ 2,51,400/- |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ-കടിഞ്ഞിമൂല (പ്രൊ.നം.239/18) | 622963/ 11.01.2018 | ₹ 2,51,400/- | -ടി- | ₹ 2,51,400/- |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം വിഹിതം (പ്രൊ.നം.90/18) | ബിൽ.നം.47 /11.10.2017 | ₹ 6,84,051/- | -ടി- | ₹ 6,84,051/- |
| കെ.എസ്.ഇ.ബി | ഇ.എം.എസ്. സ്റ്റേഡിയം -ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ് (പ്രൊ.നം.289/18) | ബിൽ.നം.39 /31.3.2018 | ₹ 4,58,435/- | -ടി- | ₹ 4,58,435/- |
| കെ.എസ്.ഇ.ബി | ഉച്ചൂളിക്കുതര്-ആനച്ചാൽ റോഡ്-ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ് (പ്രൊ.നം.270/18) | ബിൽ.നം.29 /31.3.2018 | ₹ 3,19,600/- | -ടി- | ₹ 3,19,600/- |

## 4-3 മൊബലൈസേഷൻ അഡ്വാൻസ് നല്കിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| സ്ഥിര നിക്ഷേപത്തിന്റെ/ മുതൽമുടക്കിന്റെ വിശദാംശം | മുന്നിരിപ്പ് തുക | തൻവർഷം പുതുതായി നിക്ഷേപം നടത്തിയത് | തൻവർഷം പലിശ വരവ് | വർഷാവസാനം സ്ഥിര നിക്ഷേപ നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ലഭ്യമല്ല. | 25,000 | - | - | 25,000 |
| സർട്ടിഫിക്കറ്റ് നം 69/ 26-12-16 (ക്ലീൻ കേരള കമ്പനി ഓഹരി) | 50,00,000 | - | - | 50,00,000 |
| ആകെ | 50,25,000 | - | - | 50,25,000 |

ഇൻവെസ്റ്റ് മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 83 | 2003-04 | 3-14-2 | നടപ്പാലം റിപ്പയർ സംബന്ധിച്ച് | തടസ്സം തുടരുന്നു |
| പ്രവർത്തനക്ഷമത റിപ്പോർട്ട് 2011-12 | --- | 2012-13 | 3.1.5.5<br>3.1.5.9<br>3.1.5.10<br>3.1.5.11<br>3.1.5.13 | ഖരമാലിന്യ പരിപാലനം അപാകതകൾ | തടസ്സം തുടരുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹13,14,98,524 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹16,85,34,370 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹1,15,046 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹17,155 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹7,27,022/- |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

<table>
<tr><th rowspan="2">ഖണ്ഡിക നമ്പർ</th><th colspan="2">നഷ്ടമായ തുക</th><th rowspan="2">ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും</th></tr>
<tr><th>ചാർജ് ചെയ്യാവുന്നവ</th><th>സർചാർജ് ചെയ്യാവുന്നവ</th></tr>
<tr><td>2-2</td><td>99,625</td><td>-</td><td>ശ്രീ.ഉമേഷ് നാരായണൻ, മുനിസിപ്പൽ എഞ്ചിനിയർ</td></tr>
<tr><td>2-9(1)</td><td>9,840</td><td>-</td><td>ശ്രീ.അഭിലാഷ് കെ, സെക്രട്ടറി</td></tr>
<tr><td>2-9(2)</td><td>1,434</td><td>-</td><td>ശ്രീ.അഭിലാഷ് കെ, സെക്രട്ടറി</td></tr>
<tr><td>2-9(3)</td><td>4,147</td><td>-</td><td>ശ്രീ.അഭിലാഷ് കെ, സെക്രട്ടറി</td></tr>
<tr><td rowspan="2">3-5</td><td rowspan="2">-</td><td rowspan="2">17,155</td><td>അസിസ്റ്റന്റ് എഞ്ചിനിയർ, PWD ഇലക്ട്രിക്കൽ വിഭാഗം കാസറഗോഡ്</td></tr>
<tr><td>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, PWD ഇലക്ട്രിക്കൽ വിഭാഗം, കാസറഗോഡ്</td></tr>
<tr><td>ആകെ</td><td>1,15,046</td><td>17,155</td><td>ദ</td></tr>
</table>

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,40,000 | ശ്രീ.വിൻസെന്റ്.കെ.എ, സെക്രട്ടറി |
| 3-3 | 50,000 | ശ്രീ.അഭിലാഷ്.കെ, സെക്രട്ടറി |
| 3-6 | 1,82,319 | ശ്രീ.വിൻസെന്റ്.കെ.എ, സെക്രട്ടറി |

| | | |
|---|---|---|
| | 3,20,000<br>27,903<br>6,800 | ശ്രീ.അഭിലാഷ്.കെ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

---

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഉമേഷ് നാരായണൻ, മുനിസിപ്പൽ എഞ്ചിനിയർ | മുനിസിപ്പൽ എഞ്ചിനിയർ, നീലേശ്വരം നഗരസഭ | രാമ്പോത്ത് (വീട്) കണ്ടോത്ത് .പി.ഒ, പയ്യന്നൂർ (വഴി), കണ്ണൂർ (ജില്ല)- 670370 |
| അഭിലാഷ്.കെ | സെക്രട്ടറി, തളിപ്പറമ്പ നഗരസഭ | കുന്നത്ത് ഹൌസ്, അഴിക്കോട്(പി.ഒ), കണ്ണൂർ-9 |
| അസിസ്റ്റന്റ് എഞ്ചിനിയർ, P.W.D. ഇലക്ട്രിക്കൽ വിഭാഗം, കാസറഗോഡ് | ലഭ്യമല്ല | ലഭ്യമല്ല |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, P.W.D. ഇലക്ട്രിക്കൽ വിഭാഗം, കാസറഗോഡ് | ലഭ്യമല്ല | ലഭ്യമല്ല |

## 4-10 തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1987-88, 1988-89 | എൽ.എഫ്.കെ.എസ്.ഡി5/233 /99തിയ്യതി.09.12.2000 | 3 |
| 1989-90,90-91 | എൽ.എഫ്.കെ.എസ്.ഡി5/212 /00തിയ്യതി.19.12.2000 | 6 |
| 1991-92 | എൽ.എഫ്.കെ.എസ്.ഡി7/491 /93തിയ്യതി.22.12./1993 | - |
| 1992-93,93-94, 94-95,95-96 | എൽ.എഫ്.കെ.എസ്.ഡി4/628/05തിയ്യതി.6.6.06 | 6 |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി4/612 /97തിയ്യതി.14.5.99 | 15 |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി5/539/99തിയ്യതി.3.4.00 | 21 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി5/694 /00തിയ്യതി.21.12.02 | 25 |
| 1999-00 | എൽ.എഫ്.കെ.എസ്.ഡി5/348 /01തിയ്യതി.27.8.03 | 34 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി5/589 /04തിയ്യതി.18.5.06 | 10 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി4119/06തിയ്യതി.23.1.07 | 20 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി4/590/04തിയ്യതി.3.4.06 | 5 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി3/1011 /07തിയ്യതി.15.9.04 | 14 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി3/772 /09തിയ്യതി.10.5.11 | 22 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി3/773 /09തിയ്യതി.12.7.11 | 16 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി3/773/09തിയ്യതി.8.7.11 | 30 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി3/498 /10തിയ്യതി.29.9.2011 | 15 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി3/499 /10തിയ്യതി.12.09.2011 | 23 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി3/622 /10തിയ്യതി.22.9.11 | 21 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി4/689 /10തിയ്യതി.20.10.2011 | 23 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി4/397 /11തിയ്യതി.13.12.2011 | 21 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി6/364 /11തിയ്യതി.05.09.2012 | 34 |
| 2011-12& 2012-13 | എൽ.എഫ്.കെ.എസ്.ഡി6/602 /14തിയ്യതി.16.2.15 | 28 |
| 2013-14 & 2014-15 | എൽ.എഫ്.കെ.എസ്.ഡി4/309 /14തിയ്യതി.27.07.2016 | 17 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി4/103 /17തി.02.02.2017 | 21 |
| 2016-17 | കെ.എസ്.എ.കെ.എസ്.ഡി4/1039 /17തി.04.10.2017 | 31 |

അവശേഷക്കുന്ന തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്

സീനിയർ സെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം- വകുപ്പ്295(6), 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നീലേശ്വരം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1.(3), 2(1) എന്നിവയിൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ

അടിസ്ഥാനത്തിലാണ്.

തീയ്യതി: 08.03.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| NileswaramMunicipality<br>RECEIPT &PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 75245931.49 |
| Cash | Cash | RP-40(a) | 61853.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2535956.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 270.00 |
| 130000000 | Rental income from Panchayat Properties | RP-3 | 16650.00 |
| 140000000 | Fees & User Charges | RP-4 | 1850713.00 |
| 150000000 | Sale & Hire Charges | RP-5 | 201146.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 85920256.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-8 | 257662.00 |
| 180000000 | Other Income | RP-9 | 2752.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 11548169.00 |
| | Non Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 26885767.00 |
| 340000000 | Deposits Received | RP-27 | 621088.00 |
| 350000000 | Other Liabilities | RP-29 | 1640095.00 |
| 460000000 | Loans, Advances and Deposits | RP-41 | 18000.00 |
| | Grand total | | 206806308.49 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 8509082.00 |
| 220000000 | Administrative Expenses | RP-11 | 3599423.00 |
| 230000000 | Operations & Maintenance | RP-12 | 4915325.00 |
| 240000000 | Interest & Finance Charges | RP-13 | 8199.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 38250033.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1000000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 18935156.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 10544117.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-47 | 3505231.00 |
| | Sector Division | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 99166.00 |
| 350000000 | Other Liabilities | RP-29 | 8709520.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 26483477.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-19 | 455468.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 7112569.00 |
| 340000000 | Deposits Received | RP-27 | 47250.00 |
| 350000000 | Other Liabilities | RP-29 | 7408835.00 |
| 410000000 | Fixed Assets | RP-31 | 19267212.00 |
| 412000000 | Capital work in Progress | RP-33 | 9361870.00 |
| 460000000 | Loans, Advances and Deposits | RP-41 | 322437.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 38052107.49 |
| Cash | Cash | RP-40(b) | 219831.00 |
| | Grand Total | | 206806308.49 |

## അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Nileswaram Municipality<br>INCOME&EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 12654966.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 270.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1577748.00 |
| 140000000 | Fee & User Charges | I-4(b) | 2889893.00 |
| 150000000 | Sale & Hire Charges | I-5(b) | 201146.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 180992547.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 257662.00 |
| 180000000 | Other Income | I-9 | 2752.00 |
| | Total Income | | 198576984.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 22053990.00 |
| 220000000 | Administrative Expenses | I-11(b) | 10009570.00 |
| 230000000 | Operations & Maintenance | I-12(b) | 4939710.00 |
| 240000000 | Interest & Finance Charges | I-13 | 8199.00 |
| 250000000 | Decentralised Plan Programme- Productive Sector / Programme Expenses | I-14 | 106221033.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 14598895.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | I-14 | 10254814.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 3480846.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 99166.00 |
| | Total Expenditure | | 171666223.00 |
| | Gross Surplus/ Deficit of income over Expenditure | | 26910761.00 |
| 280000000 | Prior Period Item | I-18 | 455468.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 26455293.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-4

## ബാലൻസ് ഷീറ്റ്

| NileswaramMunicipality<br>BALANCE SHEET | | | |
|---|---|---|---|
| As on 31st-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 58596736.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 6596934.00 |
| 312000000 | Reserves | B-3 | 129197031.00 |
| | Total Reserve & Surplus | | 194390701.30 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 22539226.00 |

| | | | |
|---|---|---|---|
| | Total Grants, Contributions for Specific Purposes | | 22539226.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1830744.50 |
| 350000000 | Other Liabilities | B-9 | 6580596.48 |
| | Total Current Liabilities and Provisions | | 8411340.98 |
| | TOTAL LIABILITIES | | 225341268.28 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 139237212.00 |
| 411000000 | Accumulated Depreciation | B-11 | -5896431.00 |
| 412000000 | Capital Work in Progress | B-11 | 15431270.00 |
| | Total Fixed Assets | | 148772051.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 5025000.00 |
| | Total Investments | | 5025000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 35980.00 |
| 431000000 | Sundry Debtors (Receivables) | B-15 | 32319465.79 |
| 450000000 | Cash and Bank Balance | B-17 | 38271938.49 |
| 460000000 | Loand, Advances and Deposits | B-18 | 916833.00 |

| | |
|---|---|
| Total Current Assets, Loans and Advances | 71544217.28 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |

| | |
|---|---|
| TOTAL ASSETS | 225341268.28 |